എൽ.എഫ്.ഇ.(എം.2)45/2013

ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
എറണാകുളം ജില്ല
തീയതി.13.02.2013

എറണാകുളം ജില്ലയിലെ കളമശ്ശേരി നഗരസഭയുടെ 2009-10, 2010-11 സാമ്പത്തിക വർഷങ്ങളിലെ വരവുചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്. കേരള നഗരപാലികാ നിയമം 295(4)-ാം വകുപ്പ്, 1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും : ശ്രീ.റ്റി.ജെ.വർഗ്ഗീസ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

## ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

കളമശ്ശേരി നഗരസഭയുടെ 2009-10, 2010-11 സാമ്പത്തിക വർഷങ്ങളിലെ വരവുചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചുകിട്ടിയ പദ്ധതി വിഹിതം, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

നഗരസഭ 01.06.2011 മുതൽ 13.12.2012 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി.

## ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റിന് വിനിയോഗിച്ച സമയം. | ഓഡിറ്റ് ചെയ്ത കണക്കുകളുടെ വിവരം (വരവ്/ചെലവ്/ വാർഷികം) | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം |
|---|---|---|
| 13.12.2012 മുതൽ 03.01.2013 വരെ | 2009 - 2010, 2010-11 വരവ് - ചെലവ് | ശ്രീ.പി.കെ.വിജയൻ (ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)<br>ശ്രീമതി.എം.എസ്.ഷൈല (ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)<br>ശ്രീമതി.ആർ.രശ്മി, ശ്രീ.റ്റി.ഒ.പോളി } സെല.ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി.ആർ.പുഷ്പ സീനിയർ ഗ്രേഡ് ഓഡിറ്റർ |

**<u>നിർവ്വഹണാധികാരികൾ</u>**

| | |
|---|---|
| ചെയർമാൻ | ശ്രീമതി. വി.എം.ആരിഫ |
| | 01.04.2009 മുതൽ 30.09.2010 വരെ |
| | 01.10.2010 മുതൽ 07.11.2010 അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി |
| | ശ്രീ.ജമാൽ മണക്കാടൻ |
| | 08.11.2010 മുതൽ 31.03.2011 വരെ |
| സെക്രട്ടറി | ശ്രീ. പി.വിജയൻ |
| | 01.04.2009 മുതൽ 01.06.2009 FN വരെ |
| | ശ്രീ.രഘുരാമൻ |
| | 01.06.2009 മുതൽ 26.02.2011 FN വരെ |
| | ശ്രീ.പി.കെ.സജീവ് |
| | 26.02.2011 മുതൽ 31.03.2011 വരെ |

**<u>റിപ്പോർട്ടിന്റെ ഉള്ളടക്കം</u>**

ഈ റിപ്പോർട്ടിൽ നാലുഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാകുന്നു.

**ഭാഗം 1: പൊതു അവലോകനം**

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

**ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

രസീത് പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ

**ഭാഗം 3: ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ ക്രമക്കേടുകൾ മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ

**ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും**

പഞ്ചായത്തിന്റെ വിവിധ ഇനങ്ങളിൽ ഉള്ളതും ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയതുമായ വാർഷിക കണക്കുകളെ സംബന്ധിച്ച വിവരങ്ങൾ, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

Local Fund Audit Department

**അനുബന്ധ പത്രികകൾ**

1. പദ്ധതി വിവര പത്രിക (പൂർത്തീകരിക്കാത്ത പദ്ധതികൾ): നഗരസഭ തൻവർഷാവസാനം പൂർത്തീകരിക്കാതെ കിടക്കുന്ന വിവിധ പദ്ധതികളുടെ വിവരം കാണിക്കുന്നു.

2. ആസ്തി വിവര പത്രിക: നഗരസഭ തൻവർഷം സൃഷ്ടിച്ച മൂലധന ആസ്തികളുടെ വിവരം കാണിക്കുന്നു.

3. ഓഡിറ്റ് സർട്ടിഫിക്കറ്റ്.

## ഭാഗം 1

## പൊതു അവലോകനം

കളമശ്ശേരി നഗരസഭയുടെ 2009-10, 2010-11 എന്നീ വർഷങ്ങളിലെ ബഡ്ജറ്റ് പ്രകാര മുള്ള വരവു ചെലവും യഥാർത്ഥ വരവും ചെലവും ചുവടെ ചേർക്കുന്നു.

| വർഷം | ബഡ്ജറ്റ് | | | യഥാർത്ഥ വരവ് | യഥാർത്ഥ ചെലവ് | ഋണ ബാദ്ധ്യത കിഴിച്ചുള്ള വരവ് |
|---|---|---|---|---|---|---|
| | തീയതി | വരവ് | ചെലവ് | | | |
| 2009-10 | 25.03.2009 | 9,11,92,990 | 8,32,75,829 | 11,30,55,076.65 | 11,03,01,784 | 10,92,60,141.65 |
| 2010-11 | 22.03.2010 | 32,12,34,909.49 | 28,79,68,500 | 12,27,02,196.40 | 11,29,14,141 | 11,76,34,496.40 |

ഈ സാമ്പത്തിക വർഷങ്ങളിലെ ആകെ വരവിൽ സർക്കാരിൽ നിന്നും വിവിധ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച ധനസഹായം, ഗുണഭോക്തൃ വിഹിതം, പഞ്ചായത്തിന്റെ തനതു വരുമാനം എന്നിവ താഴെ പറയും പ്രകാരമാണ്.

| വർഷം | ധനസഹായം | ഗുണഭോക്തൃ വിഹിതം | തനതുവരുമാനം |
|---|---|---|---|
| 2009-10 | 6,38,82,051 | | 4,53,78,090.65 |
| 2010-11 | 8,54,85,799 | 2,85,320 | 2,38,58,729.9 |

മേൽപ്പറഞ്ഞ വരവു ചെലവു കണക്കുകൾ ഓഡിറ്റിനു വിധേയമാക്കിയതിന്റെ കണക്കുകൾ താഴെ പറയും പ്രകാരമാണ്.

| വർഷം | വരവിനങ്ങളിലെ നഷ്ടം | ഓഡിറ്റിൽ അംഗീകരിക്കാത്ത ചെലവ് | ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക |
|---|---|---|---|
| 2009-10 | 1,01,462 | 1,74,894 | 3,09,94,971 |
| 2010-11 | 1,85,561 | 11,53,961 | 44,93,541 |

Local Fund Audit Department

കളമശ്ശേരി നഗരസഭയുടെ 2009–10, 2010–11 വർഷങ്ങളിലെ വാർഷിക കണക്കുകൾ ഓഡിറ്റി നായി യഥാക്രമം 10.12.10, 02.11.11 തീയതികളിലാണ് ലഭ്യമാക്കിയിട്ടുള്ളത്. 1994–ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, വകുപ്പ് 9(1) പ്രകാരം സാമ്പത്തിക വർഷം അവസാനിച്ച് നാലുമാസത്തിനകം വാർഷിക കണക്കുകൾ ഓഡിറ്റിനായി സമർപ്പിക്കേണ്ടതാണ്. 2009–10 –ലെ ബജറ്റ് പ്രകാരമുള്ള ചെലവ് 8,32,75,829/–രൂപയാണ്. എന്നാൽ യഥാർത്ഥ ചെലവ് 11,03,01,784/–രൂപയാണ്. ബജറ്റ് പുതുക്കിയതായി കാണുന്നില്ല. ബജറ്റ് പുതുക്കാതെ അധിക മായി തുക ചെലവഴിച്ചത് ഗുരുതരമായ ക്രമക്കേടാണ്. വിശദീകരണം നൽകേണ്ടതാണ്. 2010 –11 ലെ ബജറ്റു പ്രകാരമുള്ള വരവു ചെലവുകളും യഥാർത്ഥ വരവു ചെലവുകളും തമ്മിൽ ഭീമമായ അന്തരമുണ്ട്. ബജറ്റ് യാഥാർത്ഥ്യബോധത്തോടെ തയ്യാരാക്കേണ്ടതാണ്.

വസ്തുനികുതി, തൊഴിൽ നികുതി എന്നിവയിൽ ഭീമമായ കുടിശ്ശികയുള്ളതായി കാണുന്നു. കുടിശ്ശികയുള്ള തുകകൾ പിരിച്ചെടുക്കുവാൻ ഊർജിതശ്രമം നടത്തേണ്ടതാണ്. വിനോദ നികുതി, പരസ്യനികുതി എന്നിവ പിരിക്കുന്നതുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ സൂക്ഷിച്ചു വരുന്നില്ല. ബിൽഡിംഗ് പെർമിറ്റ് ഇനത്തിലും നഗരസഭയ്ക്ക് ഗണ്യമായ വരുമാന നഷ്ടം സംഭവിച്ചിട്ടുണ്ട്. (ഖണ്ഡിക 2(3) കാണുക) വാടക രജിസ്റ്റർ കാര്യക്ഷമമായി എഴുതി സൂക്ഷിക്കുന്നില്ല. വർഷങ്ങൾക്കു മുമ്പ് ലേലം ചെയ്ത് വാടകയ്ക്ക് കൊടുത്തിട്ടുള്ള ചില കടമുറികൾ ഇപ്പോഴും ഒഴിഞ്ഞു കിടക്കുന്നതായി കാണുന്നു. വാടക ലഭിക്കുന്നുമില്ല. ഖണ്ഡിക 2(4) കാണുക. വാടകക്കാരുമായി കരാർ വച്ചില്ല എന്ന ഗുരുതരമായ വീഴ്ചയും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി.

2009–10, 2010–11 വർഷങ്ങളിലെ മരാമത്ത് വേലകളുടെ പരിശോധനയിൽ ഗുരുതരമായ അപാകതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഈ കാലഘട്ടത്തിൽ ടാർ വാങ്ങിയ തിന്റെ ബില്ലുകളും ടാറിന്റെ സ്റ്റോക്ക് രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല. നിരവധി വേല കളിൽ കരാറുകാർക്ക് നൽകിയ ടാറിന്റെ വില കരാറുകാരുടെ ബില്ലിൽ നിന്നും കുറവ് ചെയ്തിട്ടില്ല. ഖണ്ഡികകൾ 3(1), 3(2), 3(8) എന്നിവ കാണുക.

മരാമത്തു വേലകളുടെ നിർവ്വഹണത്തിലും ഗുരുതരമായ ക്രമക്കേടുകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി (ഭാഗം – 3) നഗരസഭക്കുണ്ടായ ഭീമമായ നഷ്ടം ഈടാക്കേണ്ട താണ്.

Local Fund Audit Department

ഫണ്ട് വിനിയോഗം - മേഖല തിരിച്ചുള്ള കണക്ക്

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി ബാക്കി | ചെലവ് ശതമാനം | റിമാർക്സ് |
|---|---|---|---|---|---|---|---|
| 2009 - 2010 | | | | | | | |
| ജനറൽ | 33,24,673 | 2,46,03,000 | 2,79,27,673 | 1,85,39,183 | 93,88,490 | 66% | |
| എസ്.സി.പി. | 38,69,813 | 92,07,000 | 1,30,76,813 | 1,13,32,022 | 17,44,791 | 86.65% | |
| റോഡ് | 6,21,032 | 47,49,000 | 53,70,032 | 52,28,173 | 1,41,859 | 97% | |
| നോൺ റോഡ് | 25,48,600 | 52,99,000 | 78,47,600 | 44,77,506 | 33,70,094 | 57% | |
| 2010 - 2011 | | | | | | | |
| ജനറൽ | 93,88,490 | 2,70,70,000 | 3,64,58,490 | 2,87,50,396 | 77,08,094 | 78% | 2009-10 ലെ നോൺ റോഡ് വിഭാഗ ത്തിലെ നീക്കിബാക്കിയും 2010-11 ലെ -ടി- വിഭാഗത്തിലെ ആരംഭ നീക്കിബാ ക്കിയും തമ്മിൽ 26,49,500/-രൂപയുടെ വ്യത്യാസം കാണുന്നു. ആയത് വിശ ദീകരിക്കേണ്ടതാണ്. |
| എസ്.സി.പി. | 17,44,791 | 1,01,22,000 | 1,18,66,791 | 85,58,418 | 33,08,373 | 72% | |
| റോഡ് | 1,41,859 | 52,24,000 | 53,65,859 | 51,72,617 | 1,93,242 | 96% | |
| നോൺ റോഡ് | 7,20,594 | 19,07,174 | 26,27,768 | 25,86,759 | 41,009 | 98% | |

Local Fund Audit Department

## ഭാഗം – 2

## വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2–1) തൊഴിൽ നികുതി – വിമുക്ത ഭടന്മാരിൽ നിന്നും ഈടാക്കിയിട്ടില്ല – നഷ്ടം 14,250/–രൂപ

നഗരസഭയിലെ പല സ്ഥാപനങ്ങളിലും ജോലി ചെയ്തു വരുന്നവരെ വിമുക്തത ഭടന്മാർ എന്ന കാരണത്താൽ തൊഴിൽ നികുതിയിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു. വിമുക്ത ഭടന്മാർക്ക് തൊഴിൽ നികുതി അടവാക്കുന്നതിൽ സർക്കാർ ഇളവ് നൽകിയിട്ടില്ല. ഇക്കാര്യം സ്പഷ്ടീകരിച്ചു കൊണ്ട് 15.10.2010–ൽ 34134/എഫ്.എം.1/07/ത.സ്വ.ഭ.വ. കത്ത് സർക്കാർ പുറപ്പെടുവിച്ചിരുന്നു. ഇത്തരത്തിൽ തൊഴിൽ നികുതി ഈടാക്കാത്തതിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

A.R.ക്യാമ്പിലെ ഉദ്യോഗസ്ഥരുടെ അർദ്ധവാർഷിക വരുമാനം എത്രയെന്ന് കാണിച്ചിട്ടില്ല. അതിനാൽ സ്ഥാപന മേധാവി കണക്കാക്കിയ നികുതി തന്നെയാണ് കണക്കിലെടുത്തിട്ടുള്ളത്. ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനം കൂടി പത്രികയിൽ ഉൾപ്പെടുത്തേണ്ടതാണ്.

| 2009 – 2010 | | | | |
|---|---|---|---|---|
| ക്രമ നം. | സ്ഥാപനം/അർദ്ധ വർഷം/രസീത് നം. | വ്യക്തി | അർദ്ധവാർഷിക വരുമാനം | ഈടാക്കേണ്ട നികുതി |
| 1 | എ.ആർ.ക്യാമ്പ്, കളമശ്ശേരി/II/651/ 32509/24.02.2010 | രഘുനന്ദനൻ (10387) | അർദ്ധവാർഷിക വരുമാനം പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല | 750 |
| | | മുഹമ്മദ് എം.കെ. (7950) | | 1000 |
| | | ശശി.എൻ.എൻ (9180) | | 750 |
| | | പൊന്നപ്പൻ.എ. (8164) | | 750 |
| | | വിജയൻ (9936) | | 750 |
| | | തോമസ് വർഗ്ഗീസ് (5681) | | 1250 |
| | | കുര്യാക്കോസ്.ടി.ടി. (E9666) | | 750 |
| | | ജോസഫ് വി.സി. (10195) | | 750 |
| | | ദിവാകരൻ.ജി. (7857) | | 600 |
| | | ദിലീപ് (9805) | | 750 |
| | | ഉണ്ണികൃഷ്ണൻനായർ (10589) | | 750 |
| | | പ്രദീപ് കുമാർ (9932) | | 750 |
| | | | ആകെ | 9600 |
| 2 | യുണൈറ്റഡ് ഇൻഡ്യ ഇൻഷുറൻസ്/II/ 110011–00304/25.02.10 | ജേക്കബ്.കെ.വി. അസി. | 118446 | 1000 |
| | | | ആകെ | 10600 |

Local Fund Audit Department

| | | | | |
|---|---|---|---|---|
| 2010 - 2011 | | | | |
| 1 | യുണൈറ്റഡ് ഇൻഡ്യ ഇൻഷുറൻസ്/I/ 110011-9024/08.10.2010 | ജേക്കബ്.കെ.വി. അസി. | 131398 | 1250 |
| 2 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ കളമശ്ശേരി/II | സത്യൻ.കെ.ബി. അസി. | 69966 | 600 |
| | | ഉസ്മാൻ.കെ.ബി. അസി. | 69966 | 600 |
| 3 | ഗവ.പോളിടെക്നിക് കോളേജ്, കളമ ശ്ശേരി/II/110011 -15202/22.02.11 | പി.ജെ.തോമസ്, പ്യൂൺ | 62022 | 600 |
| | | ഗോപി.എസ് ടി.എം. | 74070 | 600 |
| | | | ആകെ | 3650 |

**2-2) <u>തൊഴിൽ നികുതി - കുറവ് ഈടാക്കിയത് - നഷ്ടം 4750/-രൂപ</u>**

2009-10, 2010-11 എന്നീ വർഷങ്ങളിൽ നഗഗരസഭയിലെ വിവിധ സ്ഥാപനങ്ങൾ സമർപ്പിച്ച തൊഴിൽ നികുതി റിട്ടേണുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട നികുതി നിരക്കുകളിൽ നിന്നും കുറവ് നികുതിയാണ് ഈടാക്കിയിട്ടുള്ളത്. കുറവ് ഈടാക്കിയിട്ടുള്ള 4,750/-രൂപ ബന്ധപ്പെട്ട സമാപനങ്ങളിൽ നിന്നും ഈടാക്കി നഗരസഭാ ഫണ്ടിൽ അടവാക്കേണ്ടതാണ്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര്/ഏത് അർദ്ധവർഷ ത്തിലേത് | വ്യക്തിയുടെ പേര്/തസ്തിക | അർദ്ധ വാർഷി ക വരു മാനം | ഈടാ ക്കിയ തൊഴിൽ നികുതി | ഈടാ ക്കേ ണ്ടത് | കുറവ് |
|---|---|---|---|---|---|---|
| 2009 - 2010 | | | | | | |
| 1 | ഐ.ടി.ഐ.കളമശ്ശേരി/ II/663/33123/27.02.2010 | പി.കെ.സോമൻ/ ഡ്രൈവർ | 77,908 | 600 | 750 | 150 |
| 2 | ടൈഡ് വാട്ടർ ഓയിൽ കമ്പനി (ഇൻഡ്യ)ലിമിറ്റഡ്/ I/112093/36 | പി.എം.ഭാസ്കരൻ/ ഡിപ്പോ അസി. | 1,52,718 | 1,000 | 1,250 | 250 |
| | | വി.ജോസഫ്/ ഡിപ്പോ അസി. | 1,38,345 | 1,000 | 1,250 | 250 |
| | | എസ്.രാജേഷ്/ ടി.എസ്.ഐ. | 1,38,015 | 1,000 | 1,250 | 250 |
| 3 | അകേസിസ് ഫാർമ/I/112091/80/30.09.2009 | സുനിത ഭട്ട്/ അസി.മാനേജർ | 1,41,048 | 1,000 | 1,250 | 250 |
| 4 | കേന്ദ്രീയ വിദ്യാലയ, എൻ.എ.ഡി.,ആലുവ/ II/112178/60 & 61/05.03.2010 | ഷാലു അനില ബിനു | 1,23,900 | 750 | 1,000 | 250 |
| | | സീന.സി.എസ് | 1,18,338 | 750 | 1,000 | 250 |
| | | ദിവ്യ.എസ്. | 1,23,900 | 750 | 1,000 | 250 |
| | | | | | ആകെ | 1,900 |

Local Fund Audit Department

| | | | | | | |
|---|---|---|---|---|---|---|
| 2010 - 2011 | | | | | | |
| 1 | കളമശ്ശേരി പോലീസ് സ്റ്റേഷൻ /I/ | മോഹനൻ/ പി.സി.8017 | 90,426 | 600 | 750 | 150 |
| | | ഖാദർ/ പി.സി.9248 | 76,944 | 600 | 750 | 150 |
| | | അനിൽ/ പി.സി.9253 | 76,944 | 600 | 750 | 150 |
| | | ജോജി/ പി.സി.9536 | 76944 | 600 | 750 | 150 |
| | | അനിൽകുമാർ/ പി.സി.9543 | 76944 | 600 | 750 | 150 |
| | | ദേവരാജൻ/ പി.സി.9777 | 76944 | 600 | 750 | 150 |
| 2 | രാജഗിരി ഔട്ട് റീച്ച്/I/ 110011-05954/27.08.2010 | ഐജൻ. സി.എ. | 48,000 | 300 | 450 | 150 |
| | | ജിജോയ് | 48,000 | 300 | 450 | 150 |
| | | ലിജോ തോമസ് | 45,960 | 300 | 450 | 150 |
| | | മറിയാ ടെൻസി | 46500 | 300 | 450 | 150 |
| | | പ്രവീൺ | 49668 | 300 | 450 | 150 |
| | | രാമദാസ്. പി.ഡി. | 49,934 | 300 | 450 | 150 |
| 3 | രാജഗിരി ഔട്ട് റീച്ച്/II/ 11011/6292/28.02.2011 | ഐജൻ. സി.എ. | 48,000 | 300 | 450 | 150 |
| | | ലിജോ തോമസ് | 45,960 | 300 | 450 | 150 |
| | | മറിയ ടെൻസി | 46,500 | 300 | 450 | 150 |
| | | പ്രവീൺ | 49668 | 300 | 450 | 150 |
| | | രാമദാസ്. പി.ഡി. | 49,934 | 300 | 450 | 150 |
| | | സനൽകുമാർ | 48,000 | 300 | 450 | 150 |
| | | സുജിത്. കെ.എൻ. | 48,000 | 300 | 450 | 150 |
| | | | | | ആകെ | 2,850 |

Local Fund Audit Department

**2-3) <u>കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ്</u>**

സർക്കാർ ഉത്തരവ് ജി.ഒ.എസ്. No.128/2010 തീയതി 21.06.2010 പ്രകാരം റസിഡൻഷ്യൽ കെട്ടിടത്തിന് പെർമിറ്റ് ഫീസ് ചതുരശ്രമീറ്ററിന് 7/-രൂപയും നോൺ റസിഡൻഷ്യൽ കെട്ടിടത്തിന് ഒരു ചതുരശ്ര മീറ്ററിന് 10/-രൂപ പ്രകാരവും ഈടാക്കേണ്ടതാണ്. റെഗുലറൈസേഷൻ ഫീസായി പെർമിറ്റ് ഫീസിന്റെ ഇരട്ടിതുക ഈടാക്കേണ്ടതാണ്. ഇപ്രകാരമല്ലാതെ ഈടാക്കിയതുമൂലം ഫീസിനത്തിൽ കുറവുവന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| 2010 - 2011 | | | | | |
|---|---|---|---|---|---|
| പെർമിറ്റ് നം.(10-11) | പേര് | ആകെ (Residential - R ഏരിയ-Non-11 NR) (എ2) | ഈടാക്കിയത് Rs. / രസീത് | ഈടാക്കേണ്ടത് Rs | കുറവ് |
| 195 | പി.വി.സുധാകരൻ | 638.01 (R) | 1810/- 110110351/23.06.2010 | 4466 | 2656 |
| 203 | മാർട്ടിൻ ജറാൾഡ് | 4275.87 (NR) | 10715/- 3793/30.06.2010 | 42759 | 32044 |
| 214 | പി.രാജശ്രീ | 168.94 (R) | 378/- 4073/09.07.2010 | 1183 | 805 |
| 269 | എം.എ.അബ്ദുൾ കാദർ | 157.17 (R) | 539/- 5407/12.08.2010 | 1100 | 7241 |
| 270 | M/s.ഹിന്ദ് റിസോർട്ട്സ് | 1529.86 (R) | 3468/- 5259/10.08.2010 | 10709 | 501 |
| 329 | ജോസഫ് | 161.58 (R) | 630/- 5825/02.08.2010 | 1131 | 648 |
| 347 | കെ.ജി.പൗലോസ് | 396.5 (R) | 963/- 7964/02.08.2010 | 2776 | 927 |
| 365 | സുജിത്ത് | 195.34 (R) | 719/- 7265/18.09.2010 | 1367 | 677 |
| 370 | ജിനിദാസ് | 377.78 (R) | 446/- 8625/01.10.2010 | 2644 | 734 |
| 374 | സോജൻ.സി. മാത്യൂ | 195.63 (R) | 442/- 733/18.09.2010 | 1369 | 927 |
| 400 | രവീന്ദ്രൻ | 184.38 (R) | 525/- 9875/03.11.2010 | 1291 | 766 |
| 480 | ടി.പി.രാജീവൻ | 150.66 (R) | 678/- 9992/08.11.2010 | 1055 | 677 |
| 509 | ജി.സുശീല | 260.3 (R) | 1036/- 110886/11.12.2010 | 1822 | 786 |
| 519 | സി.വാസുദേവൻ | 200.08 (R) | 667/- 10558/24.11.2010 | 1401 | 734 |
| 520 | അബ്ദുൾ ഖാദർ | 192.58 (R) | 679/- 110963/03.12.2010 | 1348 | 669 |
| 537 | ശരത് ഗോപാൽ | 242.37 (R) | 1189/- 11100/03.12.2010 | 1697 | 508 |
| 553 | കെ.എ.ജമാലുദ്ദീൻ | 583 (R) | 742/- 11107/06.12.2010 | 4081 | 3339 |
| 566 | എ.എ.അബ്ദുൾ ഗഫൂർ | 173.5 (R) | 536/- 11213/17.01.2011 | 1215 | 679 |
| 569 | പി.എം.നസീർ | 155.2 (R) | 616/- 111134/07.12.2010 | 1086 | 470 |
| 570 | കെ.എ.നസീർ | 209.74 (R) | 717/- 111059/06.02.2010 | 1468 | 751 |
| 576 | സിജോ ചാക്കോ | 267.89 (R) | 721/- 111030/04.12.2010 | 1879 | 1154 |

Local Fund Audit Department

| | | | | | |
|---|---|---|---|---|---|
| 585 | കെ.കെ.ബക്കർ | 225.96 (R) | 791/- 111325/13.12.2010 | 1582 | 791 |
| 586 | പി.കെ.ഗോപി | 153.5 (R) | 539/- 11191/08.12.2010 | 1075 | 536 |
| 589 | വിജയൻ | 192.93 (R) | 378/- 1112347/06.11.2011 | 1351 | 973 |
| 598 | സാലി | 3433.17 (NR) (Regularised) | 18581/- 1101481/10.05.2011 | 68063 | 50082 |
| 611 | ഉമ്മർ | 16481 (R) | 455/- 111672/20.12.2010 | 1154 | 699 |
| 636 | മുരളീധരൻ | 186.24 (R) | 435/- 1119710/13.01.2011 | 1304 | 869 |
| 719 | ജെസ്സി | 239.56 | 966/- 1113098/24.01.2011 | 1677 | 711 |
| 739 | ടി.എം.ജയൻ | 173.44 (R) | 518/- 111333/29.01.2011 | 1214 | 696 |
| 854 | ശശിധരൻ | 186.75 (R) | 830/- 1116011/26.02.2011 | 1307 | 477 |
| 911 | രവീന്ദ്രപിള്ള | 161.55 (R) (റെഗുലറൈസ്ഡ്) | 1616/- 117634/16.03.2011 | 2262 | 646 |
| 446 | സോമനാഥൻ | 194.33 (R) | 1050/- 9553/29.10.2010 | 1360 | 310 |
| 939 | കെ.എം.എസ്. ഹോസ്പിറ്റൽ | 6710.69 (R) | 980/- 110110/4599511 | 46974 | 45994 |
| 864 | കെ.വി.നാരായണൻകുട്ടി | 1589.51 | 16350/- 1117369/14.03.2011 | 32700 | 16350 |
| | (ഫയലൽ പ്രകാരം 1635) | (റെഗുലറൈസ്ഡ്) | ആകെ കുറവ് വന്ന തുക | | 179061 |

കുറവ് വന്ന 179061/-രൂപ ഉത്തരവാദിയായ റവന്യൂ ഇൻസ്പെക്ടറിൽ നിന്ന് ഈടാക്കേണ്ടതാണ്.

(b) സർക്കാർ ഉത്തരവ് G.O. (Ms) 249/09 LSGD 16.12.2009 പ്രകാരം 16.12.2009 മുതൽ റസിഡൻഷ്യൽ കെട്ടിടത്തിന് ഒരു ചതുരശ്ര മീറ്ററിന് 10/-രൂപയും അല്ലാത്തതിന് ഒരു ചതുരശ്രമീറ്ററിന് 15/-രൂപയും പെർമിറ്റ് ഫീസ് ഈടാക്കേണ്ടതാണ്.

എന്നാൽ താഴെ പറയുന്ന കെട്ടിടങ്ങൾക്ക് പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ് വന്നിട്ടുണ്ട്.

| പെർമിറ്റ് നം. | അപേക്ഷ ലഭിച്ച തീയതി | വ്യക്തി യുടെ പേര് | ഏരിയ ($m^2$) Res/Non.Res | ഫീസ് ഈടാക്കി യത് | ഈടാക്കേ ണ്ടത് | കുറവ് |
|---|---|---|---|---|---|---|
| 643 | 21.12.2009 | സുനിൽ. പി.സി | 343.08 (R) | 1310 | 3431 | 2121 |
| 627 | 16.12.2009 | സജി.പാട്ടിൽ | 453.33 (R) | 1816 | 4533 | 2717 |



Local Fund Audit Department

| | | | | | | |
|---|---|---|---|---|---|---|
| 629 | 17.12.2009 | അനിൽ കുമാർ | 278.50 (R) | 1120 | 2785 | 1665 |
| 633 | 16.12.2009 | മൈമൂനത്ത് ഇബ്രാഹിം | 177.17 (R) | 712 | 1772 | 1060 |
| 635 | 16.12.2009 | ത്രേസ്യാമ്മ തോമസ് | 451.81 (R) | 1260 | 4518 | 3258 |
| 642 | 21.12.2009 | ഇബ്രാഹിം കുട്ടി | 1290.92 (NR) | 5814 | 19364 | 13550 |
| 643 | 21.12.2009 | സുനിൽ. പി.പി. | 343.08 (R) | 1300 | 3431 | 2131 |
| 651 | 24.12.2009 | വി.എം.രവി | 203.16 (R) | 816 | 2032 | 1216 |
| 655 | 24.12.2009 | ഐഷാബീവി | 160.72 (R) | 644 | 1607 | 963 |
| | | | 160.72 (NR) | 966 | 2411 | 1445 |
| 662 | 28.12.2009 | റക്കിയ | 218.20 (R) | 880 | 2182 | 1302 |
| 667 | 28.12.2009 | ശശികുമാർ | 237.83 (R) | 952 | 2378 | 1426 |
| 649 | 21.12.2009 | പി.പി. ഫസ്മി | 4719.74 (NR) | 50650 | 70796 | 20146 |
| 671 | 31.12.2009 | കെ.എച്ച്. ലൈല | 170.21 (R) | 664 | 1702 | 1038 |
| 672 | 31.12.2009 | തദേവൂസ് | 166.32 (R) | 660 | 1663 | 1003 |
| 674 | 31.12.2009 | ബിജി ചെറുമനത് | 241.61 (R) | 968 | 2416 | 1448 |
| 675 | 31.12.2009 | അനിൽ കുമാർ | 219.87 (R) | 880 | 2199 | 1319 |
| 680 | 01.01.2010 | എലിസബത്ത് | 204.98 (R) | 828 | 2050 | 1222 |
| 698 | 07.01.2010 | കെ.എം. ഇബ്രാഹിം | 402.74 (R) | 2840 | 4027 | 1187 |
| 703 | 07.01.2010 | അബ്ദുള്ള | 665.25 (NR) | 4105 | 9979 | 5874 |
| 708 | 13.01.2010 | നജീബ് | 1446.09 (NR) | 8682 | 21691 | 13009 |
| 714 | 15.01.2010 | ഹസീന | 189.52 (R) | 760 | 1895 | 1135 |
| 736 | 23.01.2010 | ഐസീന | 1107.75 (NR) | 10985 | 16616 | 5631 |
| 2010-11 807 | 16.02.2010 | അബ്ദുൾ സലാം | 1290.91 (R) | 11880 | 12909 | 1029 |
| 937 | 03.04.2010 | രാധാകൃഷ്ണൻ | 156 (R) | 780 | 1560 | 780 |
| 938 | 07.04.2010 | എച്ച്.എ. ഹസൈനാർ | 248.7 (R) | 1200 | 2487 | 1287 |
| | | | | | ആകെ കുറവ് വന്ന തുക | 88962 |

കുറവ് വന്ന 88,962/-രൂപ ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കേണ്ടതാണ്.

Local Fund Audit Department

**2-4) <u>കെട്ടിട വാടക ഈടാക്കുന്നതിലെ അപാകതകൾ</u>**

കെട്ടിട വാടക സംബന്ധിച്ച ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ നോർത്ത് കളമശ്ശേരി ഷോപ്പിംഗ് കോംപ്ലക്സിലെ മുറികളുടെ വാടക സംബന്ധിച്ച് വ്യാപകമായ അപാകതകൾ കാണുന്നു.

നഗരസഭ കെട്ടിട വാടക രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. കെട്ടിട വാടക കുടിശ്ശിക രജിസ്റ്റർ എഴുതുന്നില്ല. ഡിമാന്റ് രജിസ്റ്ററിൽ വാടക ഈടാക്കുന്ന വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തുന്നില്ല. അടയ്ക്കുന്ന വാടക തുകയോ, രസീത് നമ്പറോ, തീയതിയോ ഡിമാന്റ് രജിസ്റ്ററിൽ എഴുതുന്നില്ല. കെട്ടിടം വാടകയ്ക്ക് നൽകിയത് മുതൽ ഇതുവരെ എഗ്രിമെന്റ് പുതുക്കിയതായി കാണുന്നില്ല. 2007-08, 2008-09, 2009-10 വർഷങ്ങളിൽ കെട്ടിട മുറികൾക്ക് ഒരേ വാടക തന്നെയാണ് ഈടാക്കിയിട്ടുള്ളത്.

മറ്റുള്ള അപാകതകൾ താഴെ നൽകുന്നു

I <u>കെട്ടിട മുറികൾ വാടകയ്ക്ക് നൽകാത്തതിനാലും വൈകി നൽകിയതു കാരണവും വാടകയിനത്തിൽ നഗരസഭയ്ക്ക് ഭീമമായ നഷ്ടം സംഭവിക്കുന്നു.</u>

നോർത്ത് കളമശ്ശേരി ഷോപ്പിംഗ് കോംപ്ലക്സിന്റെ വാടക രജിസ്റ്ററും ഫയലുകളും പരിശോധിച്ചതിൽ ഇവിടത്തെ 17 സ്റ്റാളുകളിൽ 5 സ്റ്റാളുകൾ 2001-02 മുതൽ ഒഴിഞ്ഞുകിടക്കുന്നതായി കാണുന്നു. ടി സ്റ്റാളുകൾ എന്നാണ് പണിതത് എന്ന് സംബന്ധിച്ച വിവരം ഫയലിൽ ലഭ്യമല്ല. കൂടാതെ 13-ാംനമ്പർ മുറി 13.12.2003-ൽ വാടകക്കാരൻ ഒഴിഞ്ഞ് പോയതിനുശേഷം വാടകക്ക് നൽകിയിട്ടില്ല. ഇപ്രകാരം ഒഴിഞ്ഞ് കിടക്കുന്ന 6 സ്റ്റാളുകൾ ലേലം ചെയ്യുന്നത് 19.12.2004-ലാണ്. ലേലത്തിൽ ആരും പങ്കെടുക്കാത്തതിനാൽ 11.04.2005-ലും പിന്നീട് 4 വർഷം കഴിഞ്ഞ് 19.03.2009-ലും പിന്നീട് 20.04.2009-ലും ലേലം ചെയ്തിട്ടുണ്ട്. 20.04.2009-ലെ ലേലത്തിൽ 2 മുറികൾ ലേലത്തിൽ പോയി. ലേലം കൊള്ളാതിരുന്ന ബാക്കി സ്റ്റാളുകളിൽ 2 എണ്ണം 18.09.2009-ലും ലേലം ചെയ്ത് നൽകിയിട്ടുണ്ട്. അവശേഷിച്ച 2 മുറികളിൽ ഒരു മുറി 08.04.2011-ലാണ് ലേലത്തിൽ പോയത്. 4-ാംനമ്പർ മുറി ഇപ്പോഴും ലേലം ചെയ്ത് നൽകിയിട്ടില്ല. യഥാസമയം മുറികൾ ലേലം ചെയ്യാത്തതിനാൽ നഗരസഭയ്ക്ക് വാടകയിനത്തിൽ ഭീമമായ നഷ്ടമാണ് ഉണ്ടായത്.

II <u>ലേലം ചെയ്ത് നൽകിയ സ്റ്റാളുകൾക്ക് എഗ്രിമെന്റ് വെയ്ക്കുകയോ വാടക ഈടാക്കുകയോ ചെയ്യുന്നില്ല.</u>

ലേലം ചെയ്ത് നൽകിയ സ്റ്റാളുകളുടെ വിവരം താഴെ നൽകുന്നു.

| സ്റ്റാൾ നമ്പർ | വ്യക്തിയുടെ പേര് | വാടകയ്ക്ക് നൽകിയ തീയതി | വാടക തുക | സെക്യൂരിറ്റി |
|---|---|---|---|---|
| 3 | ശ്രീ.വി.എ.നൗഷാദ് | 20.04.2009 | 1,550 | 12,500/-<br>13/112008/20.04.09 |
| 10 | ശ്രീ.പി.ഇ.നസീർ | 20.04.2009 | 3,600 | 37,500/-<br>59/112007/20.04.09 |
| 6 | ശ്രീ.കൃഷ്ണൻകുട്ടി | 18.09.2009 | 2,050 | 12,500/-<br>112079/62 |

Local Fund Audit Department

| | | | | |
|---|---|---|---|---|
| 7 | ശ്രീ.ബാലസുബ്രഹ്മണി | 18.09.2009 | 2,050 | 12,500/-<br>112079/61/18.09.09 |
| 5 | ശ്രീ.കുഞ്ഞുപിള്ള | 08.04.2011 | 2,025 | - |

ഇപ്രകാരം $3^1/_2$ വർഷം മുമ്പ് വാടകയ്ക്ക് നൽകിയ മുറികൾക്ക് ഇതുവരെ എഗ്രിമെന്റ് വെയ്ക്കുകയോ വാടക ഈടാക്കുകയോ ചെയ്യുന്നില്ല. 3, 10, 6, 7 എന്നീ സ്റ്റാളുകൾക്ക് സെക്യൂരിറ്റി തുകയുടെ പകുതി മാത്രമാണ് അടച്ചത്. 5-ാം നമ്പർ സ്റ്റാളിന് ഇതുവരെ സെക്യൂരിറ്റി തുക ഒന്നും അടച്ചിട്ടില്ല.

ടി സ്റ്റാളുകൾ വാടകയ്ക്ക് എടുത്തവർ നഗരസഭ എഗ്രിമെന്റ് വെയ്ക്കുന്നതിനും വാടക അടക്കുന്നതിനും പല പ്രാവശ്യം അയച്ചിട്ടും ഇതുവരെ ഒരു മറുപടിയും ലഭിച്ചിട്ടില്ല. ടി സ്റ്റാളുകൾ മെയിന്റനൻസ് നടത്തേണ്ടതാണ് എന്ന് 2011-ൽ റവന്യൂ ഇൻസ്പെക്ടർ ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ടി സ്റ്റാളുകൾ മെയിന്റനൻസ് നടത്തേണ്ടതാണ് എന്ന് റവന്യൂ ഇൻസ്പെക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി അംഗങ്ങൾ 19.04.2012-ൽ ടി സ്റ്റാളുകൾ പോയി പരിശോധിക്കുകയും ഇവ മെയിന്റനൻസ് നടത്താതെ ഉപയോഗിക്കാൻ സാധിക്കുകയില്ല എന്ന് റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. 4/09-ൽ വാടകക്ക് നൽകിയ മുറികളുടെ അവസ്ഥ പരിശോധിക്കുന്നത് ഏതാണ്ട് 3 വർഷം കഴിഞ്ഞാണ്.

ടി കെട്ടിട മുറികൾ എത്രയും വേഗം മെയിന്റനൻസ് നടത്തി ഇതിന്റെ വാടക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. മാത്രമല്ല കെട്ടിട വാടക സംബന്ധിച്ച് ഒരു പ്രത്യേക അന്വേഷണത്തിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

**2-5) <u>വിനോദ നകുതി - രജിസ്റ്ററുകൾ യഥാവിധി സൂക്ഷിക്കുന്നില്ല.</u>**

നഗരസഭയിൽ 3 തീയറ്ററുകൾ പ്രവർത്തിക്കുന്നുണ്ട്. 1961-ലെ കേരള പ്രാദേശികാധികാര വിനോദനികുതി ചട്ടങ്ങളിലെ വകുപ്പ് 8 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സീൽ പതിച്ച ടിക്കറ്റുകൾ ഉപയോഗിച്ച് മാത്രമേ പ്രദർശനം അനുവദിക്കാവൂ. സീൽ ചെയ്തു നൽകുന്ന ടിക്കറ്റുകളുടെ ക്രമനമ്പരുകൾ കാണിക്കുന്ന ടിക്കറ്റ് സീൽ രജിസ്റ്റർ നഗരസഭയിൽ സൂക്ഷിച്ചിട്ടില്ല. വിനോദനികുതി ഡിമാന്റ് രജിസ്റ്ററും എഴുതി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതും ആവശ്യമായ പരിശോധനകൾ നടത്തേണ്ടതുമാണ്.

## <u>ഭാഗം - 3</u>

## <u>ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

**3-1) <u>കൊള്ളോട്ടിമൂല ബൈലെയിൻ ആന്റ് തേവയ്ക്കൽ തുരുത്ത് റോഡ് ടാറിംഗ് - കരാറുകാരനു നൽകിയ ടാറിന്റെ വില 179885/-രൂപയ്ക്കു പകരം 17988/-രൂപ കുറവു ചെയ്തതുമൂലം നഷ്ടം.</u>**

| | | |
|---|---|---|
| പ്രോജക്റ്റ് നമ്പർ | - | 59/2010 |
| എഗ്രിമെന്റ് | - | 66/09-10/10.12.2009 |

Local Fund Audit Department

| | | |
|---|---|---|
| അളവുപുസ്തകം | - | 78/09-10 |
| കരാറുകാരൻ | - | സി.വി.പുഷ്പാകരൻ |
| എസ്റ്റിമേറ്റ് | - | 5,22,000/-രൂപ |
| വേലയുടെ മൂല്യം | - | 525341.80 രൂപ |
| കരാറുകാരന് നൽകിയ തുക | - | 4,73,904/-രൂപ |
| | | 3,00,000/-രൂപ ചെക്ക് നം.5,04,248/03.03.2011 |
| | | 1,73,904/-രൂപ ചെക്ക് നം.504301/08.03.2011 |

മേൽ വേലക്ക് 6027 കി.ഗ്രാം ടാർ മുനിസിപ്പാലിറ്റിയിൽ നിന്നും കരാറുകാരന് നൽകിയിരുന്നു. ഇതിൽ 6006.37 കി.ഗ്രാം ടാർ 4 ഇനം വേലകളിലായി വിനിയോഗിച്ചു. ബാക്കി 20.63 കിഗ്രാം ടാർ ഉണ്ടായിരുന്നു. 6006 കി.ഗ്രാം ടാറിന്റെ വിലയാണ് ബില്ലിൽ കുറവ് ചെയ്തത്. കുറവ് ചെയ്യേണ്ടിയിരുന്ന തുക 5006 × 29.951 = 179885/-രൂപയായിരുന്നു. എന്നാൽ 17988/-രൂപയാണ് ബില്ലിൽ കുറവ് ചെയ്തത്. നോട്ട് ഫയൽ മുതൽ ഈ തെറ്റ് ആവർത്തിച്ചതായി കാണുന്നു. തന്മൂലം മുനിസിപ്പാലിറ്റിക്ക് താഴെ വിവരിക്കുന്ന വൻ നഷ്ടമുണ്ടായിട്ടുണ്ട്.

| | കരാറുകാരന് നൽകിയ തുക | കരാറുകാരന് നൽകാവുന്ന തുക |
|---|---|---|
| വേലയുടെ മൂല്യം | 525431.80 | 525431.80 |
| ആദായനികുതി 1% | 5254.00 | 5254.00 |
| വാറ്റ് 3.03% | 15921.00 | 15921.00 |
| ക്ഷേമനിധി | 5254 | 5254 |
| ടാറിന്റെ വില | 17988.00 | 179885.00 |
| കാലിബാരൽ വില 39 എണ്ണം | 6320.00 | 3900.00 |
| വാറ്റ് | 790.00 | 488.00 |
| ബാക്കി ടാറിന്റെ വില 20.63 × 35.32 | - | 729.00 |
| | **473904.80** | **314000.80** |

നൽകിയ തുക - 473904/-രൂപ നൽകേണ്ട തുക - 314001/-രൂപ

കരാറുകാരന് അധികം നൽകിയ തുക - 159903/-രൂപ

===========

നഷ്ടമായ തുക, പിശകിന് ഉത്തരവാദിയായ ഉദ്യോഗസ്ഥൻ കരാറുകാരനിൽ നിന്നും ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ അടക്കേണ്ടതാണ്.

**3-2) <u>കരാറുകാർക്ക് മുനിസ്പ്പാലിറ്റിയിൽ നിന്നും ടാർ സപ്ലൈ ചെയ്ത് പൂർത്തിയാക്കിയ വേലകൾ - ബാക്കിവന്ന ടാറിന്റെ വില കരാറുകാരിൽ നിന്നും ഈടാക്കിയിട്ടില്ല. മുനിസിപ്പാലിറ്റിക്ക് നഷ്ടം - 205459/-രൂപ.</u>**

താഴെ പറയുന്ന റോഡു പണികൾക്ക് കരാറുകാർക്ക് മുനിസിപ്പാലിറ്റിയിൽ നിന്നും ടാർ നൽകിയിട്ടുണ്ട്. ഈ വേലകളിലെല്ലാം കരാറുകാർക്ക് നൽകിയ മുഴുവൻ ടാറും ഉപയോഗിച്ചിട്ടില്ല. സർക്കാർ ഉത്തരവുകൾ പ്രകാരം കരാറുകാർക്ക് നൽകുന്ന ടാർ ബാക്കി വരികയാണെങ്കിൽ ആയത് മുനിസിപ്പാലിറ്റിയിലേക്ക് തിരികെ നൽകുകയൊ അല്ലെങ്കിൽ ബാക്കി വരുന്ന ടാറിന്റെ യഥാർത്ഥ വില കരാറുകാരന്റെ ബില്ലിൽ കുറക്കുകയൊ ചെയ്യണം. താഴെ പറയുന്ന വേലകളിൽ ബാക്കി വന്ന ടാർ

Local Fund Audit Department

മുനിസിപ്പാലിറ്റിയിൽ തിരികെ ഏൽപ്പിക്കുകയോ ടാറിന്റെ ബിൽ വില കരാറുകാരിൽ നിന്നും ഈടാക്കുകയൊ ചെയ്തിട്ടില്ല. തന്മൂലം ഓഡിറ്റ് കാലഘട്ടത്തിൽ മുനിസിപ്പാലിറ്റിക്ക് ഭീമമായ നഷ്ടം ഉണ്ടായിട്ടുണ്ട്. ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക്, തുക കരാറുകാരിൽ നിന്നും തിരിച്ചു പിടിക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

1. "റീടാറിംഗ്, കൺസ്ട്രക്ഷൻ ഓഫ് ഡ്രെയിൻ ആന്റ് കൾവർട്ട് അറ്റ് ചുള്ളിക്കാവ് ടെമ്പിൾ റോഡ്"

| | | |
|---|---|---|
| പ്രോജക്ട് | - | എസ്.084/2010 |
| അളവുപുസ്തകം | - | 149/10 |
| എഗ്രിമെന്റ് | - | 58/09-10/10.12.2009 |
| കരാറുകാരൻ | - | വി.എം.മുഹമ്മദ് കുഞ്ഞ് |
| എസ്റ്റിമേറ്റ് | - | 4,70,000/- |
| വേലയുടെ മൂല്യം | - | 392707.96 |
| കരാറുകാരന് നൽകിയ തുക | - | 183980 ചെക്ക് നം.159408/15.02.2011 |
| ടാർ നൽകിയത് | - | 7176 കി.ഗ്രാം |
| ടാർ ഉപയോഗിച്ചത് | - | 6150.22 കി.ഗ്രാം |
| ബാക്കി ടാർ | - | 1025.78 കി.ഗ്രാം. |

ബില്ല് പ്രകാരം നൽകിയ തുകയുടെയും നൽകാവുന്ന തുകയുടെയും വിവരം താഴെകൊടുക്കുന്നു.

| | നൽകിയ തുക | | നൽകാവുന്ന തുക |
|---|---|---|---|
| വേലയുടെ മൂല്യം | | | 392707.96 |
| കുറയ്ക്കുക: | | | |
| വാറ്റ് 3.03% | 11899 | | 11899 |
| ആദായനികുതി 1% | 3927 | | 3927 |
| ക്ഷേമനിധി 1% | 3927 | | 3927 |
| ടാർവില @ 29.951 Kg. | 184025.20 | | 184205.20 (6150 × 29.951) |
| കാലിബാരൽ | 4400.00 | | 4000.00 |
| വാറ്റ് | 550.00 | | 500.00 |
| | --------- | ബാക്കി ടാറിന്റെ വില | |
| | 183979.76 | 1025.78 × 38.644 | 39640.24 |
| ∴ | 183980 | | --------- |
| | | | 144609.72 |
| | | ∴ | 144610 |

കരാറുകാരന് അധികം നൽകിയ തുക 39370/-രൂപ
===========

2. മെറ്റലിംഗ് ആന്റ് ടാറിംഗ് പത്തടിപ്പാലം ബൈലെയിൻ ആന്റ് പീച്ചിങ്ങപ്പറമ്പ് റോഡ്

ഫയൽ നമ്പർ - പി.ഡബ്ല്യൂ6208/07

Local Fund Audit Department

അളവുപുസ്തകം - 1/09-10

കരാറുകാരൻ - സി.വി.പുഷ്പാകരൻ

എഗ്രിമെന്റ് - 93/2007-08/31.01.2008

എസ്റ്റിമേറ്റ് - 2,23,000/-രൂപ

വേലയുടെ മൂല്യം - 168215/-രൂപ

കരാറുകാരന് നൽകിയ തുക - 110397/-രൂപ ചെക്ക് നം.063893/25.02.2010

ടാർ നൽകിയത് - 2794 കി.ഗ്രാം

ടാർ ഉപയോഗിച്ചത്- 2177 കി.ഗ്രാം

ബാക്കി ടാർ - 617 കി.ഗ്രാം.

ഉപയോഗിച്ച ടാറിന്റെ വില കരാറുകാരന്റെ ബില്ലിൽ കുറവു ചെയ്തിട്ടുണ്ട്. ബാക്കി വന്ന ടാർ തിരിച്ചുവാങ്ങിയിട്ടില്ല. ആയതിനാൽ ബാക്കി വന്ന ടാറിന്റെ ബിൽ വില കരാറുകാരന്റെ കയ്യിൽ നിന്നും ഈടാക്കണം.

ഈടാക്കേണ്ട തുക 617 × 35.935 = 22172/-രൂപ

3. വിവിധ റോഡുകൾ റീടാറിംഗ് ആന്റ് കോൺക്രീറ്റിംഗ്

പ്രോജക്റ്റ് - 66/2010

അളവുപുസ്തകം - 40/08-09

എഗ്രിമെന്റ് - 84/09-10/10.12.2009

കരാറുകാരൻ - എ.എം.അബ്ദുൾ സലാം

എസ്റ്റിമേറ്റ് - 2,60,000/-രൂപ

വേലയുടെ മൂല്യം - 251062.36

കരാറുകാരന് നൽകിയ തുക - 232885/-രൂപ ചെക്ക് നം.1189063/06.02.2012

ടാർ നൽകിയത് - 1248 കി.ഗ്രാം

ഈ വേലയ്ക്ക് 1248 കി.ഗ്രാം ടാർ മുനിസിപ്പാലിറ്റിയിൽ നിന്നും നൽകിയിട്ടുണ്ട്. മൊത്തം 3067.9 കി.ഗ്രാം ടാർ വിവിധ ഇനം പ്രവൃത്തികൾക്കായി വിനിയോഗിച്ചിട്ടുണ്ട്. മുനിസിപ്പാലിറ്റിയിൽ നിന്നും നൽകിയ 1248 കി.ഗ്രാം ടാർ കിഴിച്ച് ബാക്കി 1819.90 കി.ഗ്രാം ടാർ കരാറുകാരൻ വാങ്ങിയാണ് വേല പൂർത്തിയാക്കിയത്. കരാറുകാരന് ബിൽ തയ്യാറാക്കി പണം നൽകിയപ്പോൾ മുനിസിപ്പാലിറ്റി നൽകിയ ടാറിന്റെ വിലയും ബാരൽ വിലയും കുറവു ചെയ്തില്ല. തന്മൂലം മുനിസിപ്പാലിറ്റിക്കുണ്ടായ നഷ്ടം താഴെ കൊടുക്കുന്നു.

| | കരാറുകാരന് നൽകിയ തുക | | കരാറുകാരന്നൽകാവുന്ന തുക |
|---|---|---|---|
| വേലയുടെ മൂല്യം | 251062.36 | | 251062.36 |
| കുറയ്ക്കുക: | | | |
| വാറ്റ് 4% | 10042 | 4.04% | 10143 |
| ആദായനികുതി 2.24% | 5624 | 1% | 2511 |

Local Fund Audit Department

| | | | | | |
|---|---|---|---|---|---|
| ക്ഷേമനിധി | 2511 | | 1% | 2511 | |
| ടാർവില | - | | | 37379 (1248×29.951) | |
| ബാരൽ വില (8എണ്ണം) | - | | | 800 | |
| ആകെ | - | 18177 | | 100 | 53444 |
| | | -------- | | | ------- |
| | | 232885.36 | | | 197618.36 |

കരാറുകാരന് അധികം നൽകിയ തുക 35267/-രൂപ
===========

ബിൽ തുക നൽകിയത് 2011-12 ലായതിനാൽ ഈ നഷ്ടം ഭാഗം 4ൽ ഖണ്ഡിക 4(6)ൽ ഉൾപ്പെടുത്തിയിട്ടില്ല.

4. കൊള്ളോട്ടിമൂല ചിറ്റേക്കടവ് ലിങ്ക് റോഡ്

| | | |
|---|---|---|
| പ്രോജക്റ്റ് | - | 95/2011 |
| കരാറുകാരൻ | - | അൽബിനോ തോമസ് |
| എഗ്രിമെന്റ് | - | 76/10-11/09.09.2010 |
| അളവുപുസ്തകം | - | 284/10-11 |
| എസ്റ്റിമേറ്റ് | - | 6,41,000/-രൂപ |
| വേലയുടെ മൂല്യം | - | 5,84,904/-രൂപ |
| കരാറുകാരന് നൽകിയ തുക | - | 1,46,772/-രൂപ ട്രഷറി ബിൽ S 095/11/29.03.2011<br>1,43,201/-രൂപ ചെക്ക് നം.337194/17.08.2012(തനത്ഫണ്ട്) |

ഈ വേലയ്ക്ക് 64 ബാരൽ ടാർ കരാറുകാരന് നൽകിയിട്ടുണ്ട്. 4 ഇനം പ്രവൃത്തികൾക്കായി മൊത്തം 9223.185 കി.ഗ്രാം ടാറാണ് ഉപയോഗിച്ചത്. 760.815 കി.ഗ്രാം ടാർ ബാക്കിയുണ്ടായിരുന്നു. അളവുപുസ്തകത്തിൽ ഉപയോഗിച്ച ടാറിന്റെ അളവ് 8930.03 എന്ന് തെറ്റായാണ് രേഖപ്പെടുത്തിയിരുന്നത്.

യഥാർത്ഥ ഉപയോഗം താഴെ കൊടുക്കുന്നു.

| | | | |
|---|---|---|---|
| ഇനം 4 പേജ് 16 | പോർട്ട് ഹോൾ ഫില്ലിംഗ് | 20.97 എം$^3$ × 27.5കി.ഗ്രാം | 576.675 |
| ഇനം 5 പേജ് 17 | ബിറ്റുമിൻ ലെവലിംഗ് കോഴ്സ് | 25.91 × 20 കി.ഗ്രാം | 518.20 |
| ഇനം 8 പേജ് 19 | ലെവലിംഗ് അൻഡുലേഷൻ | 6.11 × 48 കി.ഗ്രാം | 293.28 |
| ഇനം 9 പേജ് 22 | 20 എം.എം.ചിപ്പിംഗ് കാർപ്പറ്റ്(ബി.ടി) പ്രതലം | 2945.5 × 2.66 | 7835.03 |
| | | | -------- |
| | | | 9223.185 |
| | | | ======== |

ബാക്കി ടാർ 760.815 കി.ഗ്രാം ഇതിന്റെ വില ഈടാക്കിയി്ടടില്ല തന്മൂലം മുനിസിപ്പാലിറ്റിക്കുണ്ടായ നഷ്ടത്തിന്റെ വിവരം താഴെ കൊടുക്കുന്നു.

Local Fund Audit Department

| | | കരാറുകാരന് നൽകിയ തുക | | | കരാറുകാരന്നൽകാവുന്ന തുക |
|---|---|---|---|---|---|
| വേലയുടെ മൂല്യം | | 584904.26 | | | 584904.26 |
| ആദായനികുതി 1% | 5849 | | | 5849 | |
| വാറ്റ് 4% | 23396 | | 4.04% | 23630 | |
| ക്ഷേമനിധി 1% | 5849 | | | 5849 | |
| ടാർവില | 287877.31 | | | 276244 | |
| (8930.03 × 32.237) | | | | (9223.185×29.951) | |
| ബാരൽ വില | 6270.00 | (60 ബാരൽ) | | 6000.00 | |
| വാറ്റ് | 784.00 | 330025.31 | | 750.00 | |
| | ബാക്കി ടാറിന്റെ വില | 760.815 × 35.32 | | 26871.98 | 345193.98 |
| | | -------- | | | -------- |
| | | 254878.95 | | | 239710.28 |
| | ∴ | 254879 | | | 239710 |

കരാറുകാരന് അധികം നൽകിയ തുക 15169/-രൂപ
===========

5. കരിപ്പായി സുന്ദരഗിരി റോഡ് റീടാറിംഗ്

| | | |
|---|---|---|
| പ്രോജക്റ്റ് നമ്പർ | - | എസ് 098/2010 |
| എഗ്രിമെന്റ് | - | 137/09-10/21.10.2009 |
| കരാറുകാരൻ | - | പി.കെ.കുരിയൻ |
| എസ്റ്റിമേറ്റ് | - | 4,90,000/-രൂപ |
| വേലയുടെ മൂല്യം | - | 2,77,665.10/-രൂപ |
| കരാറുകാരന് നൽകിയ തുക | - | 192172/-രൂപ ചെക്ക് നം. 069420/06.09.2010 |
| ടാർ നൽകിയത് | - | 2654 കി.ഗ്രാം |
| ഉപയോഗിച്ച ടാർ | - | 2130.60 കി.ഗ്രാം |

2130.60 കി.ഗ്രാം ടാറിന്റെ വില ബില്ലിൽ കുറവു ചെയ്തിട്ടുണ്ട്. ബാക്കി 523.4 കി.ഗ്രാം ടാർ തിരികെ ലഭ്യമാക്കുകയോ ബിൽ വില കരാറുകാരനിൽ നിന്നും ഈടാക്കുകയോ ചെയ്തില്ല.

മുനിസിപ്പാലിറ്റിക്കു നഷ്ടം = 523.40 × 35.935 = 18808.379/- രൂപ

∴ = 18808/-രൂപ
=========

6. മാവേലി നഗർ ക്രോസ് റോഡ്

| | | |
|---|---|---|
| ഫയൽ നമ്പർ | - | 780/09 |
| എഗ്രിമെന്റ് | - | 114/08-09/19.03.2009 |
| കരാറുകാരൻ | - | അബ്ദുൾ സലാം എ.എം. |
| അളവുപുസ്തകം | - | 79/08-09 |

Local Fund Audit Department

എസ്റ്റിമേറ്റ് - 3,46,000/-രൂപ

വേലയുടെ മൂല്യം - 325787.37/-രൂപ

കരാറുകാരന് നൽകിയ തുക - 224196/-രൂപ ചെക്ക് നം. 1189005/13.04.2010

ടാർ നൽകിയത് - 3030 കി.ഗ്രാം

ടാർ ഉപയോഗിച്ചത്- 2620.77 കി.ഗ്രാം

ബാക്കി ടാർ - 409.23 കി.ഗ്രാം

ബാക്കി ടാർ തിരിച്ചേൽപ്പിക്കുകയോ വിപണി വില ബില്ലിൽ കുറക്കുകയോ ചെയ്തില്ല.

മുനിസിപ്പാലിറ്റിക്കു നഷ്ടം = 409.23 × 35.935 = 14705.68/- രൂപ

∴ = 14706/-രൂപ

=========

7. വിവിധ റോഡുകൾ മെറ്റലിംഗ് ആന്റ് ടാറിംഗ്

പ്രോജക്റ്റ് നമ്പർ - എസ് 048/2010

എഗ്രിമെന്റ് - 78/09-10/10.12.2009

കരാറുകാരൻ - അബ്ദുൾ സലാം എ.എം.

അളവുപുസ്തകം - 73/09-10

എസ്റ്റിമേറ്റ് - 5,00,000/-രൂപ

വേലയുടെ മൂല്യം - 4,24,035.74/-രൂപ

കരാറുകാരന് നൽകിയ തുക - 2,30,965/-രൂപ ചെക്ക് നം. 1189063/06.02.2011

ടാർ നൽകിയത് - 7095.8 കി.ഗ്രാം

ടാർ ഉപയോഗിച്ചത്- 5427.04 കി.ഗ്രാം

ബാക്കി ടാർ - 1668.76 കി.ഗ്രാം

ബാക്കി ടാർ തിരിച്ചേൽപ്പിക്കുകയോ വിപണി വില ഈടാക്കുകയോ ചെയ്തില്ല.

മുനിസിപ്പാലിറ്റിക്കു നഷ്ടം = 1668.76 × 35.935 = 59966.89/- രൂപ

∴ = 59,967/-രൂപ

=========

**3-3) ജലസ്രോതസുകളുടെ സംരക്ഷണം - മൺപണിക്ക് അധിക നിരക്ക് നൽകിയതും 5 HPപമ്പ് സെറ്റ് ഉപയോഗിച്ചതിന് അധിക തുക നൽകിയതും ഓഡിറ്റിൽ നിരാകരിക്കുന്ന തുക 162077/-രൂപ**

പ്രോജക്റ്റ് നമ്പർ - എസ് 04/2010

കരാറുകാരൻ - പി.എം.സത്യശീലൻ

അളവുപുസ്തകം - 123/10

എഗ്രിമെന്റ് - 152/09-10/23.03.2010

എസ്റ്റിമേറ്റ് - 10,00,000/-രൂപ

വേലയുടെ മൂല്യം - 4,74,417/-രൂപ

Local Fund Audit Department

നൽകിയ തുക - 175886/-രൂപ (31.03.2010)

242928/- ട്രഷറി ബിൽ നം..74/02.02.2011

21253/- ചെക്ക് നം. 1189048/05.03.2011

മുനിസിപ്പൽ പ്രദേശത്ത് 84 കിണറുകളും 4 കുളങ്ങളും വൃത്തിയാക്കുന്നതിനുവേണ്ടി തയ്യാറാക്കിയ പ്രോജക്റ്റാണിത്. 10,00,000/-രൂപയായിരുന്നു അടങ്കൽ.

എസ്റ്റിമേറ്റ്

| | | |
|---|---|---|
| അപ്പന്റിക്സ് എ 4 കുളങ്ങൾ | @ 20000 | 80,000 |
| അപ്പന്റിക്സ് ബി 12 കിണറുകൾ | @ 34670 | 4,16,040 |
| അപ്പന്റിക്സ് സി 72 കിണറുകൾ | @ 7000 | 5,04,000 |
| | | ------- |
| | | 10,00,040 |
| | | ======== |

ഫയലിൽ നിന്നു ലഭ്യമായ വിവരമനുസരിച്ച് 43 കിണറുകളാണ് ക്ലീൻ ചെയ്തത്. കിണർ ക്ലീൻ ചെയ്യുന്നതിന് തയ്യാറാക്കിയ എസ്റ്റിമേറ്റിൽ മൺപണിക്ക് പുതിയ കിണർ കുഴിക്കുന്നതിനുള്ള നിരക്കാണ് നൽകിയിരിക്കുന്നത്. അതായത് 2173.96/10 എം$^3$) (ഓപ്പൺ വെൽ എസ്കവേഷന് നൽകാവുന്ന നിരക്ക്) പക്ഷേ അടിഞ്ഞുകൂടിയ മണ്ണ് നീക്കം ചെയ്യുന്ന ഈ പ്രവൃത്തിക്ക് അനുവദിക്കാവുന്നത്, വെള്ളത്തിനടിയിലുള്ള എസ്കവേഷന് അനുവദനീയമായ നിരക്കാണ്. എസ്റ്റിമേറ്റിൽ കിണറിന്റെ താഴ്ച 13.5 മീറ്ററാണ് കാണിച്ചിരിക്കുന്നത്. ആദ്യത്തെ 1.5 മീറ്ററിന് ഇനിഷ്യൽ ലിഫ്റ്റും അടുത്ത ഓരോ 1.5 മീറ്ററിന് 0.4 സ്ത്രീ കൂലി നിരക്കിൽ അധിക നരക്കും അനുവദിക്കാം. അതുപ്രകാരം ഈ പ്രവൃത്തിക്ക് അനുവദിക്കാവുന്ന നിരക്ക്

| | | | |
|---|---|---|---|
| സാധാരണ മണ്ണിലുള്ള എക്സകവേഷന് 0.9 പുരുഷൻ @ 168 | | = 151.20 | 497.7 = 498 |
| 2.75 കുട്ടി = 2.0625 പുരുഷൻ @ 168 | | = 346.5 | |
| ചെളിയിലും വെള്ളത്തിലുമുള്ള മൺപണിക്ക് 20% അധികം= | | 498 + 20% | |
| (ആദ്യ ലീഡ് & ലിഫ്റ്റിനും) | = | 597.60 | |
| ബാക്കി 12 മീറ്റർ ഉയരത്തിന് | | | |
| 8 ലിഫ്റ്റ് @ 0.4 സ്ത്രീ കൂലി 8 0.4 × 168 | = | 537.60 | |
| | | ------ | |
| | | 1135.60 | |
| കരാറുകാരന്റെ ലാഭം 10% | = | 113.52 | |
| | | ------ | |
| | | 1248.72 | |

| | |
|---|---|
| അനുവദനീയമായ നിരക്ക് | 1248.72 രൂപ/10 എം$^3$ |
| നൽകിയ നിരക്ക് | 2173.96/10 എം$^3$ |
| അധിക നിരക്ക് നൽകിയത് | 925.24/10 എം$^3$ |

അളവുപുസ്തകം പേജ് 15 ഇനം 3 പ്രകാരം 577.66 ഘ.മീ. മണ്ണു വെട്ടിയതിന് 2173.96 രൂപ/എം$^3$ നിരക്കിൽ 125580.97 രൂപ കരാറുകാരന് നൽകി.



Local Fund Audit Department

കരാറുകാരന് നൽകാവുന്ന തുക = 577.66 × 124.872 = 72133.55

നൽകിയ തുക = 125580.97 - 72133.55

അധികം നൽകിയത് = 53447/-രൂപ
===========

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, അധിക തുക നൽകിയത് തിരിച്ചുപിടിക്കാമെന്ന് മറുപടി നൽകിയിട്ടുണ്ട്.

ഈ വേലയുടെ അളവുപുസ്തകം പേജ് 14, 15 ഇനം 2 പ്രകാരം 5 എച്ച്.പി.പമ്പ്. ഉപയോഗിച്ച തിന് 357 ദിവസത്തേക്ക് ദിവസം 765/-രൂപ നിരക്കിൽ 273105/-രൂപ നൽകിയിട്ടുണ്ട്. 43 കിണറുകൾ ക്ലീൻ ചെയ്യുന്നതിന് 357 ദിവസം 5 എച്ച്.പി. മോട്ടോർ ഉപയോഗിച്ചുവെന്നത് യുക്തിക്ക് നിരക്കുന്നത ല്ല. മാത്രമല്ല മൺപണിക്ക് ചെലവായതിലും ഇരട്ടിയിലധികം തുകയാണ് പമ്പ് വാടകയായി ചെലവു കാണിച്ചിരിക്കുന്നത്. ഓഡിറ്റ് ഹാജരാക്കിയ ഫയലിൽ 215 ദിവസംപമ്പ് സെറ്റ് പ്രവർത്തിച്ചതിന്റെ ഡെയ്‌ലി റിപ്പോർട്ടാണ് വച്ചിരിക്കുന്നത്. മിക്കവാറും എല്ലാ ദിവസങ്ങളിലും രാവിലെ 5 മണിമുതൽ ഉച്ചയ്ക്ക് 1 മണിവരെയും ഉച്ചകഴിഞ്ഞ് 2 മണിമുതൽ രാത്രി 10 മണി വരെയും പമ്പ് സെറ്റ് പ്രവർത്തി പ്പിച്ചതായി ഡെയ്‌ലി റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ടിന്റെ വിശദവിവരം താഴെ കൊടു ക്കുന്നു.

| | വാർഡ് | ദിവസം |
|---|---|---|
| എച്ച്.എം.ടി.കോളനി | 10 | 20 |
| മണ്ണോപ്പിള്ളി കോളനി | 26 | 20 |
| ഗ്ലാഡ് കോളനി | 1 | 15 |
| യൂണിവേഴ്സിറ്റ് കോളനി | 19 | 20 |
| ശാന്തിഗിരി കോളനി | 9 | 5 |
| കൂരുപ്ര | 9 | 5 |
| സിഗ്നൽ സ്റ്റേഷൻ | 9 | 5 |
| ശാന്തിഗിരി കോളനി | 9 | 5 |
| കണ്ണിക്കണ്ടം കോളനി | 37 | 5 |
| വിനോഭാജി റോഡ് | 37 | 5 |
| സ്കൂൾ പറമ്പി കോളനി | 37 | 5 |
| കണ്ണിക്കണ്ടം കോളനി | 37 | 5 |
| മലത്തായിക്കാവ് കോളനി | 16 | 5 |
| കെ.ബി.പാർക്ക് | 36 | 5 |
| മസ്ജിത് റോഡ് | 36 | 5 |
| മലത്തായികാവ് | 36 | 5 |
| വാർഡ് | 35 | 5 |

Local Fund Audit Department

| | | |
|---|---|---|
| ബാക് സൈഡ് ഓഫ് മ്യൂസിയം | 35 | 5 |
| കുടിലിൽ റോഡ് | 3 | 5 |
| സാലീസ് റോഡ് | 3 | 5 |
| കൈപ്പടമുകൾ മദ്രസ | 18 | 5 |
| ലക്ഷംവീട് കോളനി | 18 | 5 |
| വട്ടപ്പറമ്പ് തുരുത്ത് | 18 | 5 |
| പുതുശേരിമല | 18 | 5 |
| പുതുശേരിമല | 17 | 5 |
| പുതിയറോഡ് | 17 | 5 |
| വട്ടപ്പറമ്പ് തുരുത്ത് | 17 | 5 |
| വടകോട് | 16 | 5 |
| മിനി ടൗൺഹാൾ | 16 | 5 |
| കണ്ടരപ്പടി | 16 | 5 |
| വടകോട് കോളനി | 16 | 5 |
| കണ്ടരപ്പടി | 15 | 5 |
| | ആകെ | 215 ദിവസം |

<u>നന്നാക്കിയ കിണറുകൾ</u>

വാർഡ് 9 – 4

വാർഡ് 37 – 4

വാർഡ് 19 – 4

വാർഡ് 1 – 3

വാർഡ് 26 – 4

വാർഡ് 35 – 2

വാർഡ് 3 – 2

വാർഡ് 18 – 4

വാർഡ് 17 – 3

വാർഡ് 10 – 4

വാർഡ് 15 – 1

വാർഡ് 16 – 4

വാർഡ് 36 – 4

--------

43 എണ്ണം

=========

Local Fund Audit Department

നന്നാക്കിയ കിണറുകളും തന്നിരിക്കുന്ന ഡെയ്‌ലി റിപ്പോർട്ടുമായി പൊരുത്തപ്പെടുന്നുണ്ട്. ആയതിനാൽ 357 ദിവസം 5 എച്ച്.പി. പമ്പ് ഉപയോഗിച്ച് വെള്ളം വറ്റിച്ചുവെന്നത് ശരിയായ കണക്കല്ല. 215 ദിവസം മാത്രമാണ് 5 എച്ച്.പി.പമ്പ് ഉപയോഗിച്ചിട്ടുള്ളത്. ആയതിനാൽ 142 ദിവസത്തേക്ക് (357 - 215) പമ്പ് വാടകയായി നൽകിയ തുകയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

അംഗീകരിക്കാത്ത തുക = 142 × 765 = 108630/-രൂപ

ഈ വേലയിൽ ഓഡിറ്റിൽ അംഗീകരിക്കാത്ത ആകെ തുക = 108630 + 53447 = 162077/-രൂപ
===========

ടി. തുക ഉത്തരവാദിയായ എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

**3-4) <u>കരാറുകാരന്റെ സ്വന്തം മണ്ണുപയോഗിച്ച് ഫില്ലിംഗ് - അധിക നിരക്ക് നൽകിയത് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു - 1,94,971/-രൂപ</u>**

ഓഡിറ്റ് കാലയളവിൽ താഴെ പറയുന്ന മരാമത്തുവേലകളിൽ കരാറുകാരന്റെ സ്വന്തം മണ്ണുപയോഗിച്ച് ഫില്ലിംഗ് നടത്തിയതിന് പണം നൽകിയിട്ടുണ്ട്. 10 ഘ.മീ.ന് 260/-രൂപ നിരക്കിലാണ് കരാറുകാർക്ക് പണം നൽകിയിരിക്കുന്നത്. 8 കി.മി. കടത്തുകൂലിയും അധിക കട്ടിംഗ് ചാർജും അനുവദിച്ച് ഡാറ്റ തയ്യാറാക്കിയതുകൊണ്ടാണ് അധികനിരക്ക് നൽകുവാനിടയായത്. എന്നാൽ മൺപണികൾക്ക് 5 കി.മീ. കടത്തുകൂലി മാത്രമാണ് അനുവദനീയമായിട്ടുള്ളത്. കളമശ്ശേരി നഗരസഭയുടെ സമീപ സ്ഥാപനങ്ങളായ തൃക്കാക്കര മുനിസിപ്പാലിറ്റി, ചൂർണ്ണിക്കര പഞ്ചായത്ത്, ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്, ഏലൂർ നഗരസഭ എന്നിവിടങ്ങളിലെല്ലാം മണ്ണിന് 5 കി.മീ. കടത്തുകൂലി നൽകിയാണ് ഡാറ്റ തയ്യാറാക്കിയിരിക്കുന്നത്. 5 കി.മീറ്ററിനുള്ളിൽ മണ്ണ് ലഭ്യമായിരിക്കെ കളമശ്ശേരി നഗരസഭയിൽ മാത്രം കാരണമൊന്നും രേഖപ്പെടുത്താതെ കൂടിയ കടത്തുകൂലി നൽകിയത് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. 2009-ലെ ഷെഡ്യൂൾ നിരക്കു പ്രകാരം മണ്ണു ഫില്ലിംഗിനു നൽകാവുന്ന നിരക്ക് താഴെ പറയുന്നു.

| നൽകിയ നിരക്ക് ഘ.മീറ്ററിന് | | 10 ഘ.മീറ്ററിന് നൽകാവുന്ന നിരക്ക് | |
|---|---|---|---|
| 8 കി.മീ. കടത്തുകൂലി | 151.40 | 0.90 പു. @ 168 | 151.20 |
| 1 എം$^3$ മണ്ണിന്റെ വില | 85.26 | 2.75 ആൺകുട്ടി | |
| | ------ | = 2.0625 പു @ 168 | 346.50 |
| | 236.66 | 5 കി.മീ.കടത്തുകൂലി | 1265.00 |
| + 10% സി.പി. | 23.66 | ആകെ | 1762.70 |
| | | കുറയ്ക്കുക (1ലീഡും ലിഫ്റ്റും) - 2.1 സ്ത്രീ @ 168 | 352.80 |
| | 260.32 | | 1409.90 |
| ∴ | 260/എം$^3$ | + ഉറപ്പിക്കൽ 0.7 പുരുഷൻ | 117.60 |
| | | | 1527.50 ====== |
| | | 10% സി.പി. | 152.75 |
| | | 10 ഘ.മീറ്ററിന് | 1680.25 ====== |

Local Fund Audit Department

അതായത് 168 രൂപ/എം$^3$

അധികം നൽകിയത് 92 രൂപ/എം$^3$

അധിക നിരക്കനുവദിച്ച വേലകൾ

| ക്രമ നം. | വേലയുടെ പേര്/പ്രോജക്റ്റ് നമ്പർ കരാറുകാരൻ/എസ്റ്റിമേറ്റ്/മൂല്യം നൽകിയതുക ചെക്ക്/ഡി.ഡി.നമ്പർ | മണ്ണ് ഫില്ലിംഗ് വേലയുടെ അളവ് ച.മീ. | നൽകിയ തുക @ | | അധികം നൽകിയത് @ | |
|---|---|---|---|---|---|---|
| 1 | ഫെറി റോഡ് കോൺക്രീറ്റിംഗ്<br>പ്രോജക്റ്റ് 50/2010, അ.പു.76/09-10<br>കരാറുകാരൻ-എ.എം.അബ്ദുൾസലാം<br>എസ്റ്റിമേറ്റ് 500000,മൂല്യം 425393(18.03.2010) | 119.10 | 260/എം$^3$ | 30966 | 92/എം$^3$ | 10957 |
| 2 | നാറാണത്ത് റോഡ്<br>61/09-10, അ.പു. 66/09<br>കെ.കെ.ബിജു<br>എസ്റ്റിമേറ്റ് 365000, മൂല്യം 375836<br>നൽകിയതുക 356932/-രൂപ<br>160000 ചെ.നം.504284/5.3.2011<br>074073/23.11.2010 | 250 | 260/എം$^3$ | 65000 | 92/എം$^3$ | 23000 |
| 3 | പാലച്ചുവട് ബൈലയിൻ റോഡ് റീടാറിംഗ്<br>പ്രോജക്റ്റ് 57/10, അ.പു. 17/09-10<br>കരാറുകാരൻ-പി.കെ.ഇബ്രാഹിം<br>എസ്റ്റിമേറ്റ് 500000, മൂല്യം 494831<br>നൽകിയ തുക 304798/-രൂപ<br>ചെക്ക് നം.063900/03.03.2010 | 170 | 260 | 44200 | 92 | 15640 |
| 4 | എച്ച്.എം.ടി. കോളനി ബൈലയിൻ റോഡ് മെറ്റലിംഗ് & ടാറിംഗ്<br>പ്രോജക്റ്റ് - 92/09, അളവ് 38/08-09<br>കരാറുകാരൻ-പി.കെ.ഇബ്രാഹിം<br>എസ്റ്റിമേറ്റ് 182000, മൂല്യം - 108599<br>നൽകിയ തുക 100736/-രൂപ<br>ട്രഷറി ബിൽ 31.03.2010 | 65 | 260 | 16900 | 92 | 5980 |
| 5 | വട്ടേക്കുന്നം മസ്ജിദ് ഇൻസ്ട്രിയൽ എസ്റ്റേറ്റ് റോഡ്<br>പ്രോജക്റ്റ് -<br>അ.പു.58/09-10,കരാറുകാരൻ-അബ്ദുള്ള<br>എസ്റ്റിമേറ്റ് 212000, മൂല്യം-207007<br>നൽകിയ തുക - 192020<br>ചെക്ക് നം. 064610/04.03.2010 | 33 | 260 | 8580 | 92 | 3036 |
| 6 | മറ്റക്കാട് കല്ലായി തുരുത്ത് സഞ്ചാര യോഗ്യമാക്കൽ<br>കരാറുകാരൻ-കെ.കെ.ബൈജു<br>അളവുപുസ്തകം-53/07-08<br>എസ്റ്റിമേറ്റ് - 443000, മൂല്യം - 442949<br>നൽകിയ തുക<br>190083/-രൂപ ചെ.നം.112086/23.07.2009<br>220796/-രൂപ ചെ.നം.063899/03.03.2010 | 182 | 260 | 47320 | 92/എം$^3$ | 16744 |

Local Fund Audit Department

| | | | | | | |
|---|---|---|---|---|---|---|
| 7 | മെറ്റലിംഗ് ടാറിംഗ് പുതുവായി റോഡ്<br>കരാറുകാരൻ-എ.എം.അബ്ദുൾസലാം<br>അളവുപുസ്തകം - 59/2009-10<br>പ്രോജക്റ്റ് - 100/09-10,<br>എസ്റ്റിമേറ്റ്-246000, മൂല്യം-228008<br>നൽകിയ തുക - 213713/-രൂപ<br>ചെക്ക് നം.06444/17.03.2010 | 253.21 | 260 | 65835 | 92/എം$^3$ | 23295 |
| 8 | ഇന്ദിരാജി ബ്രിഡ്ജ് അപ്രോച്ച് റോഡ്<br>കരാറുകാരൻ - ജെ.എസ്.നറലാൽ<br>അളവുപുസ്തകം-52/07-08<br>എസ്റ്റിമേറ്റ്<br>മൂല്യം - 115690, നൽകിയ തുക-1084372<br>ചെക്കുനമ്പർ 108712/30.04.2009 | 293.27 | 260/എം$^3$ | 76250 | 92/എം$^3$ | 26981 |
| 9 | മാവേലി നഗർ ക്രോസ് റോഡ് വാർഡ് 28<br>ഫയൽ നമ്പർ 6463/07<br>അളവുപുസ്തകം 96/08-09<br>കരാറുകാരൻ-എം.എൻ.കാർത്തികേയൻ<br>എസ്റ്റിമേറ്റ് 250000,<br>വേലയുടെ മൂല്യം 256696<br>കരാറുകാരന് നൽകിയതുക 193965<br>ചെക്ക് നമ്പർ 065415/13.04.2010 | 107.25 | 260/എം$^3$ | 27885 | 92/എം$^3$ | 9867 |
| 10 | മൂലേപ്പാടം ബൈലെയിൻ നിയർ കാഞ്ഞി<br>രത്തിങ്കൽ അസിസി ഹൗസ്<br>ഫയൽ നമ്പർ - 7825<br>കരാറുകാരൻ-കെ.എം.അബ്ദുൾജബ്ബാർ<br>അളവുപുസ്തകം - 41/06<br>എസ്റ്റിമേറ്റ് - 158000,<br>മൂല്യം - 131147<br>നൽകിയ തുക - 121652<br>ചെക്ക് നമ്പർ-113618/17.08.2009 | 39.5 | 260 | 10270 | 92 | 3634 |
| 11 | റീടാറിംഗ് കുഴിക്കാല മില്ലുംപടി റോഡ്<br>പ്രോജക്റ്റ് നമ്പർ-60/10<br>കരാറുകാരൻ-കെ.കെ.ബൈജു<br>അളവുപുസ്തകം-65/09-10<br>എസ്റ്റിമേറ്റ് - 600000, മൂല്യം - 597006<br>നൽകിയത് - 351551<br>338253 ചെക്ക്.നം.669460/2909.2010<br>13290 ട്രഷറി ബിൽ നം. - 29.9.10 | 192 | 260 | 49920 | 92 | 17664 |
| 12 | കൈപ്പടമുകൾ ബൈലെയിൻ റോഡ്<br>നവീകരണം<br>പ്രോജക്റ്റ് നമ്പർ<br>അളവുപുസ്തകം - 98/08-09<br>കരാറുകാരൻ - കെ.പി.ലത്തീഫ്<br>എസ്റ്റിമേറ്റ് - 295000<br>മൂല്യം - 254368<br>നൽകിയത് - 254367<br>ചെക്ക് നമ്പർ - 113580/25.08.2009 | 120 | 260 | 31200 | 92 | 11040 |

Local Fund Audit Department

| | | | | | | |
|---|---|---|---|---|---|---|
| 13 | വെറ്റിനറി ഹോസ്പിറ്റൽ റോഡ് മെറ്റലിംഗ് & ടാറിംഗ്<br>അളവുപുസ്തകം - 25/10-11<br>കരാറുകാരൻ-ടി.കെ.മുഹമ്മദലി<br>എസ്റ്റിമേറ്റ് - 240000<br>മൂല്യം-236839.50 + 23683.95 (ടെന്റർ അധികം 10%) 260523.45<br>നൽകിയത് 247419<br>ചെ.നം.504305/08.03.2011 | 181.50 | 260 | 47190 | 92<br>(10%<br>Tender<br>Excess) | 16698<br>1670<br>-----<br>18368<br>==== |
| 14 | എച്ച്.എം.ടി.കോളനി സ്കൂൾ മെയിന്റ നൻസ്<br>പ്രോജക്റ്റ് - 138/10<br>അളവുപുസ്തകം 96/09-10<br>എഗ്രിമെന്റ് 69/09-10/10.12.2009<br>കരാറുകാരൻ-പി.എം.പരീത് കുഞ്ഞ്<br>എസ്റ്റിമേറ്റ് - 320000<br>മൂല്യം - 310920<br>നൽകിയതുക 291425<br>ട്രഷറി ബിൽ 38/25.03.2010 | 15എം$^3$ | 260/എം$^3$ | 3900 | 92/എം$^3$ | 1380 |
| 15 | വിവിധ റോഡുകൾ മെറ്റലിംഗ് ടാറിംഗ് ആന്റ് കോൺക്രീറ്റിംഗ്<br>പ്രോജക്റ്റ് നമ്പർ - എസ് 048110<br>അളവുപുസ്തകം - 73/09-10<br>എഗ്രിമെന്റ് - 78/09-10/10.12.2009<br>കരാറുകാരൻ-എ.എം.അബ്ദുൾ സലാം<br>എസ്റ്റിമേറ്റ് - 500000<br>മൂല്യം - 424035.74<br>നൽകിയ തുക - 230965<br>ചെക്ക് നമ്പർ - 118063/06.02.2011 | 80.27 | 260/എം$^3$ | 20870.20 | 92/എം$^3$ | 7384.84<br>7385 |
| | | | | | | 194971 |

Local Fund Audit Department

**3-5) <u>ടാറിന്റെ വില കുറച്ച തുകയിന്മേൽ നികുതികൾ കണക്കാക്കിയത് - കരാറുകാരന് അധികം നൽകിയ തുക, നികുതിയിനത്തിലെ നഷ്ടം - 10906/-രൂപ</u>**

വേലയുടെ പേര്: പുത്തലത്ത് കടവ് റോഡ് റീ ടാറിംഗും ചപ്പാത്ത് നിർമ്മാണവും

| | | |
|---|---|---|
| പ്രോജക്റ്റ് നമ്പർ | : | 1 |
| ഫയൽ നമ്പർ | : | PW - 800/09 |
| അളവു പുസ്തകം | : | 74/08-09 |
| എഗ്രിമെന്റ് | : | 117/08-09/19.03.2009 |
| കരാറുകാരൻ | : | എ.എം.അബ്ദുൾ സലാം |
| എസ്റ്റിമേറ്റ് | : | 650000 |
| വേലയുടെ മൂല്യം | : | 632210 |
| കരാറുകാരന് നൽകിയതുക | : | 225387/-രൂപ ചെക്ക് നമ്പർ 115624/23.10.2009 |
| | | 200000/-രൂപ ചെക്ക് നമ്പർ 116771/30.11.2009 |

632210/-രൂപയ്ക്ക് മൂല്യ നിർണ്ണയം നടത്തിയ ഈ വേലയുടെ നികുതികൾ കണക്കാക്കിയത് മുനിസിപ്പാലിറ്റിയിൽ നിന്നും കരാറുകാരന് നൽകിയ ടാറിന്റെ വില കുറച്ച തുകയിന്മേലാണ്. ഇത് ശരിയല്ല. വേലയുടെ മൂല്യം എന്നത് ടാറിന്റെ വില കൂടി ഉൾപ്പെട്ട തുകയാണ്. അതിന്മേൽ വേണം നികുതികൾ കണക്കാക്കുന്നത്. തെറ്റായി നികുതി നിർണ്ണയം നടത്തിയതുമൂലം കരാറുകാരന് അധികം നൽകിയ തുക വിവിധ വകുപ്പുകൾക്ക് നികുതിയിനത്തിലുമ്ടാ നഷ്ടമാണ്. വിശദവിവരം താഴെ കൊടുക്കുന്നു.

| | കരാറുകാരനു നൽകിയ തുക | | കരാറുകാരനു നൽകാവുന്ന തുക | |
|---|---|---|---|---|
| വേലയുടെ മൂല്യം | | 632210 | | 632210 |
| - ടാറിന്റെ വില | | 173926 | | 173926 |
| | | ------ | | ------ |
| | | 458284 | | 458284 |
| കുറയ്ക്കുക | | | | |
| വാറ്റ് 3.03% | 13885 | | 19156 | |
| ആദായനികുതി 2.24% | 10266 | | 14162 | |
| ക്ഷേമനിധി | 4583 | | 6322 | |
| കാലിബാരൽ വില | 3700 | | 3700 | |
| വാറ്റ് | 462 | 32886 | 462 | 43802 |
| | | ----- | | ----- |
| | | 425388 | | 414482 |
| | | ====== | | ====== |

കരാറുകാരന് അധികം നൽകിയ തുക 10906/-രൂപ
===========

നികുതികൾ കുറവായി ഈടാക്കിയത്

| | | |
|---|---|---|
| വാറ്റ് | 19156 - 13885 | 5271 |
| ആദായ നികുതി | 14162 - 10266 | 3896 |
| ക്ഷേമനിധി | 6322 - 4583 | 1739 |
| | | ---- |
| | | 10906 |
| | | ===== |

10906/-രൂപ കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ എൻജിനീയറിൽ നിന്നോ ഈടാക്കി അതാതു വകുപ്പുകളിൽ അടയ്ക്കേണ്ടതാണ്.

**3-6) <u>തറയിൽ സിറാമിക് ടൈൽ വിരക്കൽ-അധിക നിരക്ക് നൽകിയത് - ഓഡിറ്റിൽ അംഗീകരിക്കാത്ത തുക - 193231/-രൂപ.</u>**

ഓഡിറ്റ് കാലയളവിൽ പൂർത്തിയാക്കിയ മരാമത്തുവേലകളിൽ താഴെ പറയുന്ന വേലകളിൽ തറയിൽ സിറാമിക് ടൈൽ വിരിക്കൽ എന്ന പ്രവൃത്തി ഉൾപ്പെട്ടിട്ടുണ്ട്. എല്ലാ വേലകളിലും ഈ പ്രവൃത്തിയ്ക്ക് നൽകിയിരിക്കുന്നത് ചതുരശ്ര മീറ്ററിന് 808/-രൂപ എന്ന നിരക്കാണ്. ഇത് ചുമരിൽ

Local Fund Audit Department

ടൈൽ പതിക്കുന്ന പ്രവൃത്തിക്ക് നൽകുന്ന 0.9 പുരുഷൻ എന്നിവർക്കുള്ള കൂലി ഉൾപ്പെട്ട നിരക്കാണ്.

നഗരസഭ കണക്കാക്കിയ നിരക്ക്

| | | |
|---|---|---|
| Tile | - | 338 |
| Cement 0.48 കിലോ. | - | 2.256 |
| Maison 0.9 @ 228 | - | 205.20 |
| Men 0.5 @ 168 | - | 84.00 |
| Plastering | - | 97.65 |
| Color Cement | - | 3.00 |
| ടൈൽ കടത്തുകൂലി | - | 4.53 |
| Cement കടത്തുകൂലി | - | 0.078 |
| + 10% | - | 734.717 |
| + CP 10% | - | 73.47 |
| ആകെ | | 808 |

തറയിൽ സിറാമിക് ടൈൽ വിരിക്കുന്നതിന് ഈ നിരക്ക് അനുവദനീയമല്ല. തറയിൽ ടൈൽ വിരിക്കുന്നതിന് നൽകാവുന്ന നിരക്കു സംബന്ധിച്ച് ബിൽഡിംഗ് ആന്റ് ലോക്കൽ വർക്ക്സ് ചീഫ് എൻജിനീയർ, തിരുവനന്തപുരം-ന്റെ 29.05.2008 ഡി.ഇ./ബി1/4833/08 നമ്പർ കത്തുപ്രകാരമുള്ള ഡാറ്റ താഴെ പറയുന്നു.

| ഡാറ്റ | 2009-ലെ ഷെഡ്യൂൾ റേറ്റ് പ്രകാരം നൽകാവുന്ന നിരക്ക് |
|---|---|
| 1.05 ടൈൽ വില @ 322/എം$^2$ | 338.00 |
| 2.30 കി.ഗ്രാം സിമന്റ് @ 4700 രൂപ/ടൺ | 10.81 |
| 0.05 പുരുഷൻ<br>0.05 ആൺകുട്ടി } = 0.0875 പുരുഷൻ @ 168 | 14.70 |
| 0.15 മേസൺ @ 228 | 34.20 |
| കളർ സിമന്റ് | 3.00 |
| 1:3 അനുപാതത്തിലും 12 എം.എം. കനത്തിലും | 97.65 |
| 1 എം$^2$ പ്ലാസ്റ്ററിംഗ് | |
| <u>കടത്തുകൂലി</u> | |
| ടൈൽ | 4.53 |

Local Fund Audit Department

| | |
|---|---|
| സിമന്റ് @ 187.20/ടൺ | .078 |
| | 502.968 |
| + 10% സി.പി. | 50.30 |
| ആകെ | 553.268 |

അതായത് 553 രൂപ/എം$^2$
=============

അധിക നിരക്ക് നൽകിയത് = 808-553

= 255 രൂപ/എം$^2$
=============

ആയതുപ്രകാരം താഴെ പറയുന്ന വേലകളിൽ കരാറുകാരന് അധിക തുക നൽകിയതിന്റെ വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വേലയുടെ പേരും വിശദവിവരവും | വേലയുടെ അളവും നൽകിയ തുകയും | | അധികം നൽകിയ തുക | |
|---|---|---|---|---|---|
| 1 | പ്രോജക്റ്റ് നമ്പർ എസ് 31/10<br>വനിതാവികസന കേന്ദ്രം നിർമ്മാണം (ചുറ്റുമതിൽ, ഗേറ്റ് മുതലായവ)<br>വാർഡ് 23<br>അളവുപുസ്തകം 89/10<br>കരാറുകാരൻ-എം.എം.അബ്ദുൾസലാം<br>എഗ്രിമെന്റ് - 83/09-10/10.12.2009<br>എസ്റ്റിമേറ്റ് - 350000, മൂല്യം - 337761/-രൂപ<br>നൽകിയ തുക - 316853<br>ട്രഷറി ബിൽ 9/25.03.2010<br>(ബി)<br>ഇനം 7/പേജ് 22 | 105എം$^2$/ 808/എം$^2$ | 84840 | 105/255/എം$^2$ | 26775 |
| 2 | പ്രോജക്റ്റ് എസ് 129/10<br>ജി.വി.എച്ച്.എസ്.എസ്. മെയിന്റനൻസ്<br>അളവുപുസ്തകം 40/09-10<br>കരാറുകാരൻ-കെ.എം.ജമാലുദ്ദീൻ<br>എഗ്രിമെന്റ് 54/09-10/10.12.2009<br>എസ്റ്റിമേറ്റ് - 1379000, മൂല്യം - 1396165<br>നൽകിയ തുക - 1308624<br>ട്രഷറി ബിൽ 06/15.03.2010<br>1379000/-രൂപ<br>17160/-രൂപ തനതുഫണ്ടിൽ നിന്നും 15.02.2012-ൽ നൽകി. ചെ.1189068<br>ഇനം 13/പേജ് 32 | 276.864എം$^2$ × 808/എം$^2$ | 223706.11 | 276.864 × 255/എം$^2$ 10% ടെന്റർ അധികം | 70600+<br>7060<br>------<br>77660 |

Local Fund Audit Department

| | | | | | |
|---|---|---|---|---|---|
| 3 | എച്ച്.എം.ടി.കോളനി എൽ.പി.സ്കൂള്ഡ മെയിന്റനൻസ്<br>പ്രോജക്റ്റ് എസ് 138/10<br>അളവുപുസ്തകം 96/09-10<br>കരാറുകാരൻ പി.എം.പരീത് കുഞ്ഞ്<br>എഗ്രിമെന്റ് - 69/09-10/10.12.2009<br>എസ്റ്റിമേറ്റ് 320000, മൂല്യം - 310920<br>നൽകിയ തുക 291245<br>ട്രഷറി ബിൽ നം.38/25.03.2010<br>ഇനം 8/ പേജ് നം 16 | 108.20 എം$^2$ × 808/എം$^2$ | 87425.60 | 108.20 എം$^2$× 255/ എം$^2$ | 27591 |
| 4 | വനിത വകസന കേന്ദ്രം W.10<br>ചുറ്റുമതിൽ, ഗേറ്റ് എന്നിവ നിർമ്മാണം<br>പ്രോജക്റ്റ് നമ്പർ എസ് 32/10<br>അളവുപുസ്തകം 88/09-10<br>എഗ്രിമെന്റ് 53/09-10/10.12.2009<br>കരാറുകാരൻ-കെ.എ.ഹസ്സൻ<br>എസ്റ്റിമേറ്റ് - 418000, മൂല്യം - 341104.80<br>നൽകിയത് 319918<br>ട്രഷറി ബിൽ 80/19.03.2011<br>ഇനം 7/പേജ് 22 | 98.02എം$^2$ × 808/എം$^2$ | 79208.2 | 98.02 എം$^2$ @ 255/എം$^2$ | 24995 |
| 5 | ഗവൺമെന്റ് ഹൈസ്കൂൾ<br>മെയിന്റനൻസ് & പെയിന്റിംഗ്<br>പ്രോജക്റ്റ് - എസ്.ഒ 100/11<br>കരാറുകാരൻ - കെ.എ.ജമാലുദ്ദീൻ<br>അളവുപുസ്തകം - 285/10-11<br>ടെന്റർ അധികം - 20%<br>പ്രവൃത്തി മൂല്യം - 625412.99<br>നൽകിയ തുക-524100,ട്രഷറി ബിൽ 101313<br>ചെക്ക്നം.1189068/25.03.2011<br>ടെന്റർ അധികം 20%<br>ആകെ | 118.335 × 808/എം$^2$ | 95614.68 | 118.335 @ 255/എം$^2$ | 30175<br><br>6035<br>-----<br>193231<br>====== |

Local Fund Audit Department

**3-7) <u>വേലയുടെ മൂല്യം എസ്റ്റിമേറ്റഇൽ അധികരിച്ചു - പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല -അധിക ചെലവ് തടസ്സപ്പെടുത്തുന്നു.</u>**

| | | |
|---|---|---|
| വേലയുടെ പേര് | : | നാറാണത്ത് റോഡ് മെറ്റലിംഗ് |
| പ്രോജക്റ്റ് | : | 61/09-10 |
| കരാറുകാരൻ | : | കെ.കെ.ബിജു |
| എഗ്രിമെന്റ് | : | 94/09-10/11.12.2009 |
| എസ്റ്റിമേറ്റ് | : | 3,65,000 |
| വേലയുടെ മൂല്യം | : | 375836 |
| നൽകിയ തുക | : | 356932 |
| | | ∴ 160000 ചെക്ക് നമ്പർ 504284/05.03.2011 |

196932 ചെക്ക് നമ്പർ 674073/26.03.2011

365000/-രൂപയുടെ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭിച്ച ഈ വേലയുടെ മൂല്യം 375836/-രൂപയാണ് പ്രവൃത്തി മൂല്യം സാങ്കേതികാനുമതി തുകയിൽ പരിമിതപ്പെടുത്തുകയൊ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം ലഭ്യമാക്കുകയൊ ചെയ്തില്ല. എസ്റ്റിമേറ്റിൽ അധികരിച്ച തുകയിലുള്ള പ്രവൃത്തിമൂല്യത്തിന് തുക നൽകിയത് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കരാറുകാരന് അധിക തുക നൽകിയതിന്റെ വിവരം താഴെ കൊടുക്കുന്നു.

| | | നൽകിയ തുക | | നൽകാവുന്ന തുക |
|---|---|---|---|---|
| വേലയുടെ മൂല്യം | | 375836 | | 365000 |
| കുറയ്ക്കുക: | | | | |
| വാറ്റ് 3.03% | 11388 | | 11060 | |
| ആദായനികുതി | 3758 | | 3650 | |
| ക്ഷേമനിധി | 3758 | 18904 | 3650 | 18360 |
| | | 356932 | | 346640 |

കരാറുകാരന് അധികം നൽകിയ തുക 10292/-രൂപ

## 3-8 ബിറ്റുമിൻ ഇഷ്യൂ ചെയ്തത് - ബില്ലിൽ നിന്നും വില ഈടാക്കിയിട്ടില്ല - മുനിസിപ്പാലിറ്റിക്കു നഷ്ടം - 609549/-രൂപ

താഴെ പറയുന്ന പ്രവൃത്തികൾക്ക് ബിറ്റുമിൻ ഇഷ്യൂ ചെയ്തതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ബിറ്റുമിൻ കൈപ്പറ്റിയതായി കരാറുകാർ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട പ്രവൃത്തിയുടെ മൂല്യത്തിൽ നിന്ന് ബിറ്റുമിന്റെ വില ഈടാക്കാതെയാണ് കരാറുകാരന് തുക നൽകിയത്. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കരാറുകാരൻ സ്വന്തമായി ബിറ്റുമിൻ വാങ്ങിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. ബിറ്റുമിൻ വാങ്ങിയ ബില്ലും ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ആയതിനാൽ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ഇഷ്യൂ ചെയ്ത ടാറിന്റെ മാർക്കറ്റ് വില ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കേണ്ടതാണ്.

a) പ്രവൃത്തി - കുമ്മൻച്ചേരി ഉണ്ണിചിറ പൈപ്പ് ലൈൻ റോഡ്
പ്രോജക്ട് നമ്പർ - 82/11
എം.ബുക്ക് - 286/10-11
കരാറുകാരൻ - പി.എസ്.അനിൽ
ആകെ പ്രവൃത്തിമൂല്യം- 7,80,822/-
- 6,00,000/- ട്രഷറി ബിൽ 17.09.2011
- 1,80,823/- ചെക്ക് നമ്പർ 337204/10.08.2012

പ്രോജക്ട് നമ്പർ 82/11-ന് വേണ്ടി 10.14 ടൺ ബിറ്റുമിൻ ഇഷ്യൂ ചെയ്തതായി ബിറ്റുമിൻ സ്റ്റോക്ക് രജിസ്റ്റർ പേജ് 90-ൽ 15.03.2011-ൽ രേഖപ്പെടുത്തിയിട്ടുണ്ട്.

Local Fund Audit Department

b) പ്രവൃത്തി - മില്ലുംപടി - കുഴിക്കാല റോഡ്

പ്രോജക്ട് നമ്പർ - S-73/11

കരാറുകാരൻ - എം.എൻ.കാർത്തികേയൻ

എം.ബുക്ക് - 59/10-11

ആകെ പ്രവൃത്തി - 8,24,427/-

ചെലവഴിച്ച തുക (നികുതി ഉൾപ്പെടെ)

- ട്രഷറി ബിൽ 13.03.2011 - 1,71,492/-
- ട്രഷറി ബിൽ 21.09.2011 - 2,28,508/-
- ചെക്ക് നമ്പർ 337214/18.08.12 - 4,24,420/-

ടി പ്രോജക്ടിനുവേണ്ടി 3/11-ൽ സ്റ്റോക്ക് രജിസ്റ്റർ പേജ് 91 പ്രകാരം 6.24 ടൺ ഇഷ്യൂ ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്.

സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ഇഷ്യൂ ചെയ്ത ആകെ ബിറ്റുമിൻ - 16.38 ടൺ. ഇതിന്റെ മാർക്കറ്റ് വിലയായ ഒരു ടണ്ണിന് 37,213/-രൂപ പ്രകാരം 16.38 × 37213/ടൺ = 6,09,549/-രൂപ ഉത്തരവാദി യായവരിൽ നിന്ന് ഈടാക്കേണ്ടതാണ്

3-9) **<u>കൈപ്പറ്റിയ ടാർ ഒരു വർഷത്തിനുശേഷം തിരികെ ലഭിച്ചതായി രേഖപ്പെടുത്തിയത് - വിശദീകരണം ലഭ്യമാക്കണം.</u>**

പ്രവൃത്തി : റീ ടാറിംഗ് ഡാലിസ് ലിങ്ക് റോഡ്

പ്രൊജക്ട് : 62/11 (പ്ലാൻ ഫണ്ട്)

കരാറുകാരൻ : എം.എൻ.കാർത്തികേയൻ

എം.ബുക്ക് : 42/10-11

ഡാലിസ് ലിങ്ക് റോഡ് പ്രവൃത്തിക്ക് ആവശ്യമായ ടാർ 3.588 ടൺ 03.03.2011-ൽ ഇഷ്യൂ ചെയ്തിട്ടുണ്ട്. (സ്റ്റോക്ക് രജിസ്റ്റർ, പേജ് 90) നഗരസഭ നൽകിയ ടാർ ഉപയോഗിച്ച് ടി പ്രവൃത്തി 02.03.2011-ൽ പൂർത്തിയാക്കി താഴെപറയും പ്രകാരം ബില്ല് തയ്യാറാക്കിയിട്ടുണ്ട്.

| | | |
|---|---|---|
| ആകെ പ്രവൃത്തി | : | 2,67,143.73 |
| (-) ടാർ വില | : | 1,24,464.04 |
| | | --------- |
| | | 1,42,679.69 |
| (-) ടെന്റർ കിഴിവ് 6.6% | : | 9,416.83 |
| | | --------- |
| | | 1,33,262.83 |
| (+)ടാർ വില | | 1,24,464.04 |
| | | --------- |
| | | 2,57,726.87 |

(-) നികുതികൾ - 15,463

Local Fund Audit Department

(–) ടാർ വില – 1,24,464

(–) കാലി വീപ്പ – 2,846 1,42,773.00

-------- ----------

കരാറുകാരന് നൽകേണ്ട വില 1,14,953.87

=========

ഇപ്രകാരം 21.03.2011-ൽ ബില്ല് തയ്യാറാക്കിയെങ്കിലും പ്രവൃത്തിക്ക് തൻവർഷം തുക നൽകിയില്ല.
ടി പ്രവൃത്തിക്ക് വേണ്ടി പ്ലാൻ ഫണ്ടിൽ നിന്ന് വാങ്ങിയ ബിറ്റുമിൻ തെറ്റായി കരാറുകാരന് നൽകിയതാണെന്നും കരാറുകാരൻ ബിറ്റുമിൻ തിരികെ ഏൽപ്പിച്ചതിനാൽ ബിറ്റുമിന്റെ വില ഈടാക്കാതെ ബില്ല് തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.എന്നും 13.02.2012-ൽ മുനിസിപ്പൽ എഞ്ചിനായർ രേഖപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ കരാറുകാരന് താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 13.02.2012-ൽ 23 ബാരൽ ടാർ കരാറുകാരൻ തിരികെ നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്.

| | | |
|---|---|---|
| ആകെ പ്രവൃത്തി | – | 2,67,143.73 |
| (–) ടെന്റർ കിഴിവ് | – | 17,631.43 |
| | | --------- |
| | | 2,49,512.24 |
| (–) നികുതി | – | 14,970.00 |
| | | --------- |
| നൽകിയ തുക | – | 2,34,542.00 |
| | | ========== |

(ട്രഷറി ബിൽ 27/3-12)

ടി പ്രവൃത്തിയുടെ അടങ്കൽ പ്ലാൻ ഫണ്ടിൽ നിന്നാണ് തയ്യാറാക്കിയിട്ടുള്ളത്.
ടാർ ഇഷ്യൂ ചെയ്യുകയും ലഭിച്ച ടാർ ഉപയോഗിച്ച് പ്രവൃത്തി ചെയ്തതിനുശേഷം ബില്ലിൽ നിന്ന് ബിറ്റുമിന്റെ വില ഈടാക്കാതെ ഒരു വർഷം കഴിഞ്ഞ് ഇഷ്യൂ ചെയ്ത ടാർ തിരികെ ഈടാക്കിയെന്നത് ദുരൂഹമാണ്.

കരാറുകാരൻ ബിറ്റുമിൻ വാങ്ങിയതായി തെളിയിക്കുന്ന ഒരു രേഖയും ഫയലിൽ ലഭ്യമല്ല. ഇക്കാര്യത്തിൽ തൃപ്തികരമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**3-10) <u>വെട്ടിയെടുത്ത മണ്ണ് ഫില്ലിംഗിന് ഉപയോഗിക്കാതെ ഫില്ലിംഗിന് വേറെ തുക നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല – 17,901/-രൂപ.</u>**

| | | |
|---|---|---|
| വേലയുടെ പേര് | : | അമ്പലം റോഡ് ബൈലെയിൻ റീടാറിംഗ് |
| കരാറുകാരൻ | : | എ.എം.അബ്ദുൾ സലാം |
| അളവു പുസ്തകം | : | 43/09-10 |
| പ്രോജക്റ്റ് | : | എസ്.073/10 |
| പ്രവൃത്തിമൂല്യം | : | 568891 |

ടി പ്രവൃത്തിക്കുവേണ്ടി 145 എം$^3$ മണ്ണ് വെട്ടിയെടുത്തത് 5 കി.മീ.ദൂരെ കളയുന്നതിന് എം$^3$ ന് 155/-രൂപ പ്രകാരം 22475/-രൂപ നൽകി. അതേസമയം ഇതേ വേലയിൽത്തന്നെ കരാറുകാരന്റെ മണ്ണു

Local Fund Audit Department

പയോഗിച്ച് ഫില്ലു ചെയ്യുന്നതിന് 68.85 ഘനമീറ്ററിന് 260/എം$^{3}$ പ്രകാരം17901/-രൂപ നൽകി. മണ്ണ് വെട്ടിയെടുത്ത വേലയിൽ ആ മണ്ണ് ഫില്ലിംഗിന് ഉപയോഗിക്കാതെ വേറെ മണ്ണുപയോഗിച്ച് ഫില്ലു ചെയ്തതിനു നൽകിയ തുക 17901/-രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു

**3-11) <u>തൂമ്പുങ്കൽ തോട് ക്ലീനിംഗ് (2009-10) കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗം കാണിച്ചിട്ടില്ല. ചെലവ് തടസ്സപ്പെടുത്തുന്നു - 3148562/-രൂപ</u>**

| | | |
|---|---|---|
| പ്രൊജക്ട് നമ്പർ | : | എസ്സ്.140/2010 |
| കരാറുകാരൻ | : | അൽബിനോ തോമസ് |
| എഗ്രിമെന്റ് | : | 151/2009-10 |
| എസ്റ്റിമേറ്റ് | : | 11,01,113/-രൂപ |
| വേലയുടെ മൂല്യം | : | 11,00,808/-രൂപ |
| കരാറുകാരന് നൽകിയതുക | : | 9,70,913/- ചെക്ക് നമ്പർ 508032/18.08.2010 |

ഈ വേലയുടെ അളവുപുസ്തകം പേജ് 7 ഇനം 2 പ്രകാരം തോട് ക്ലീനിങ്ങിന്റെ ഭാഗമായി 16700 ഘ. മീ. മണ്ണ് കുഴിച്ചെടുത്തതിന് 10 ഘ.മീറ്ററിന് 656.40 രൂപ നിരക്കിൽ 10,96,188/-രൂപ നൽകിയിട്ടുണ്ട്. എന്നാൽ കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗം സംബന്ധിച്ച് അളവുപുസ്തകത്തിലോ ഫയലിലോ ഒന്നും രേഖപ്പെടുത്തിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയപ്പോൾ കുഴിച്ചെടുത്ത മണ്ണ് തോടിന് ഇരുവശവും ബണ്ട് പിടിപ്പിച്ച് തോട് സംരക്ഷണത്തിനായി ഉപയോഗിച്ചുവെന്ന് മറുപടി നൽകി. എന്നാൽ മറുപടിയിൽ പറയുംവിധം ബണ്ട് പിടിപ്പിക്കുന്ന ജോലി നടന്നിട്ടുള്ളതായി അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയില്ല. എന്തായാലും മണ്ണിന്റെ വിനിയോഗം സംബന്ധിച്ച് അളവുപുസ്തകത്തിൽ സാക്ഷ്യപത്രം എഴുതാതിരുന്നത് ശരിയായ നടപടിയല്ല. മണ്ണിന്റെ വിനിയോഗം സംബന്ധിച്ച് സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ഈ വേലക്ക് വിനിയോഗിച്ച 9,70,913/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

<u>തൂമ്പുങ്കൽ തോട് ക്ലീനിംഗ് (2010-11):- കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗം കാണിച്ചിട്ടില്ല. ചെലവ് തടസ്സപ്പെടുത്തുന്നു.</u>

| | | |
|---|---|---|
| പ്രോജക്ട് | : | എസ്. 058/2011 |
| അളവുപുസതകം | : | 142/2010 |
| കരാറുകാരൻ | : | കെ.ഐ.കുഞ്ഞുമുഹമ്മദ് |
| എഗ്രിമെന്റ് | : | 41/10-11/06.05.2010 |
| എസ്റ്റിമേറ്റ് | : | 24,20,000/-രൂപ |
| ടെണ്ടർ വ്യതിയാനം | : | 22.99% കുറവ് |
| വേലയുടെ മൂല്യം | : | 2977518.91 |
| ടെണ്ടർ കുറവ് | : | 684531.597 |
| | : | 2292987.31 |

ടെണ്ടർ വ്യതിയാനം കഴിച്ചുള്ള മൂല്യം = 2292987
=======

Local Fund Audit Department

കരാറുകാരന് നൽകി തുക : 21,77,649/-രൂപ

10,00,000/-രൂപ ട്രഷറി ബിൽ

3,06,722/- ചെക്ക് നമ്പർ 070946/29.11.2010

4,70,927/- ചെക്ക് നമ്പർ /26.03.2011

4,00,000/- ചെക്ക് നമ്പർ 504288/05.03.2011

ഈ വേലയുടെ അളവുപുസ്തകം പേജ് 15 ഇനം 1ൽ രേഖപ്പെടുത്തിയതു പ്രകാരം 45214.95 ഘ.മീ. മണ്ണ് കുഴിച്ചെടുത്തതിന് 10 ഘ.മീ. 656.40 രൂപ പ്രകാരം 2967909.31 രൂപ നൽകിയിട്ടുണ്ട്. ഈ വർഷവും ഇത്രയും വലിയ അളവ് മണ്ണ് കുഴിച്ചെടുത്തിട്ടും ആയതിന്റെ വിനിയോഗം സംബന്ധിച്ച് അളവുപുസ്തകത്തിലോ ഫയലിലോ ഒന്നും തന്നെ പറഞ്ഞിട്ടില്ല. കുഴിച്ചെടുത്ത മണ്ണിൽ 25% മെങ്കിലും ഉപയോഗയോഗ്യമായിരുന്നു എന്നു കണക്കാക്കിയാൽ തന്നെ മണ്ണ് വിൽപ്പനയിലൂടെ കരാറുകാരന് വൻ തുക നേടാനാവും. മണ്ണിന്റെ വിനിയോഗം സംബന്ധിച്ച സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ഈ വേലയ്ക്ക് മുനിസിപ്പാലിറ്റി ചെലവഴിച്ച 2177649/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഈ രണ്ടു വർഷങ്ങളിലും നടപ്പാക്കിയ തൂമ്പുങ്കൽ തോട് ക്ലീനിംഗ് എന്ന പ്രോജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ നിന്നും ഓഡിറ്റിന് ബോധ്യമായ നിരീക്ഷണങ്ങൾ

1. 2009-10 വർഷം അടങ്കൽ തുകയായ 1101113/-രൂപയിൽ 1,10,081/-രൂപ ഗുണഭോക്തൃ വിഹിതമായിരുന്നു. എന്നാൽ 2010-11 വർഷത്തിൽ അടങ്കലിൽ ഗുണഭോക്തൃവിഹിതം രേഖപ്പെടുത്തിയിരുന്നില്ല.
2. 2009-10 വർഷം എസ്റ്റിമേറ്റ് നിരക്കിൽ പൂർത്തിയാക്കിയ വേല 2010-11 വർഷത്തിൽ 22.99% കുറവിലാണ് ചെയ്തിട്ടുള്ളത്. ഇതിൽ നിന്നും ഈ വേലയിൽ നിന്നും കരാറുകാർക്ക് ലഭ്യമായ സാമ്പത്തിക നേട്ടത്തെക്കുറിച്ച് ഊഹിക്കാവുന്നതേയുള്ളൂ.
3. 2009-10 വർഷത്തെ എസ്റ്റിമേറ്റിൽ ഇനിഷ്യൽ ലീഡ് ആന്റ് ലിഫ്റ്റിനാണ് നിരക്ക് ചേർത്തിരുന്നത്. എന്നാൽ 2010-11 വർഷത്തെ എസ്റ്റിമേറ്റിൽ വെട്ടിയെടുത്ത മണ്ണ് 5 കി.മീ. ദൂരെ മാറ്റുന്നതിനുള്ള കടത്തുകൂലി അടക്കമാണ് 2009-10 വർഷത്തിൽ നൽകിയ അതേ നിരക്ക് നൽകിയിരിക്കുന്നത്. ഇത് എങ്ങനെ സാധ്യമാകും എന്ന് വ്യക്തമല്ല.
4. കഴിഞ്ഞ രണ്ട് വർഷങ്ങളിലായി ഇത്രയും ഭീമമായ തുക ചെലവഴിച്ചിട്ടും തോടിന്റെ അവസ്ഥ പൂർവ്വസ്ഥിതിയിലാണെന്ന മുനിസിപ്പൽ അധികാരികളുടെ വിശദീകരണം പദ്ധതി പണം ചെലവഴിക്കുന്നതിലെ കെടുകാര്യസ്ഥത വെളിവാകുന്നു.
5. കുഴിച്ചെടുത്ത മണ്ണ് മുനിസിപ്പൽ പ്രദേശത്ത് പണി നടന്നുകൊണ്ടിരിക്കുന്ന ഡംപിങ്ങ് യാർഡിൽ ഫില്ലിംഗിനായി ഉപയോഗിച്ചിരുന്നുവെങ്കിൽ മുനിസിപ്പാലിറ്റിക്ക് വൻ സാമ്പത്തിക ലാഭം ഉണ്ടാകുമായിരുന്നു.

മേൽ കാര്യങ്ങളിലേക്ക് ഭരണവകുപ്പിന്റെ ശ്രദ്ധ ക്ഷണിക്കുന്നതോടൊപ്പം മേൽ പ്രോജക്ടുകളുടെ നടത്തിപ്പ് സംബന്ധിച്ച് ഒരു വകുപ്പുതല അന്വേഷണം നടത്തണമെന്നും മുനിസിപ്പാലിറ്റിക്ക്

Local Fund Audit Department

സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ടെങ്കിൽ ആയത് ഉത്തരവാദപ്പെട്ടവരിൽ നിന്നും ഈടാക്കുവാൻ നടപടി സ്വീകരിക്കണമെന്നും അഭിപ്രായപ്പെടുന്നു.

**3-12) എസ്.സി.ഭവനനിർമ്മാണം – ഒരു ഗഡു ധനസഹായം കൈപ്പറ്റിയ ഗുണഭോക്താവ് വീടു പണി പൂർത്തിയാക്കിയില്ല.**

പ്രൊജക്ട് നമ്പർ : 075/09

മേൽ പ്രോജക്റ്റിൽ ഉൾപ്പെടുത്തി വീട് നിർമ്മാണത്തിന് ധനസഹായം നൽകുന്നതിന് തെരഞ്ഞെടുക്കപ്പെട്ട ടി.കെ.ചന്ദ്രൻ, തലക്കോട്ടിമൂലയിൽ, ചങ്ങമ്പുഴ നഗർ എന്നയാൾ ഡി.ഡി.നമ്പർ 076271/18.04.2009 പ്രകാരം ആദ്യഗഡു ധനസഹായമായ 11250/-രൂപ മാത്രമേ കൈപ്പറ്റിയുള്ളൂ. ഓഡിറ്റു തീയതിയിലും ഗുണഭോക്താവ് വീടിന്റെ പണി പൂർത്തിയാക്കിയിട്ടില്ല. ഒരു ഗഡു ധനസഹായം മാത്രം കൈപ്പറ്റിയിട്ട് വീടുപണി പൂർത്തിയാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ വീടുപണി പൂർത്തിയാക്കുവാൻ നടപടികളെടുക്കേണ്ടതാണ്. പൂർത്തിയാക്കാത്ത പക്ഷം ആദ്യഗഡു ധനസഹായമായി നൽകിയ തുക ടിയാനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

**3-13) ഓട്ടോറിക്ഷ വാങ്ങാൻ ധനസഹായം – വാഹനം വാങ്ങിയതിന്റെ രേഖകളില്ല – പ്രോജക്റ്റ് എസ് 113/2010 – ചെലവ് തടസ്സപ്പെടുത്തുന്നു 30000/-രൂപ.**

മേൽ പ്രോജക്റ്റിൽ രേഖപ്പെടുത്തി ഓട്ടോറിക്ഷ വാങ്ങുവാൻ ബാബു, കുറുമ്പൻ മകൻ, പെരിങ്ങോട്ടിൽ എന്നയാൾക്ക് ഡി.ഡി.നമ്പർ 000121/08.04.2010 പ്രകാരം 30000/-രൂപ ധനസഹായം നൽകിയിട്ടുണ്ട്. എന്നാൽ വാഹനം വാങ്ങി ടിയാന്റെ പേരിൽ രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ ഫയലിൽ ഇല്ല. ആയതിനാൽ 30000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**3-14) എസ്.സി.വീട് മെയിന്റനൻസ് – മൂല്യനിർണ്ണയ സർട്ടിപിക്കറ്റില്ല – ചെലവ് തടസ്സപ്പെടുത്തുന്നു. രൂപ 55000/-**

പ്രൊജക്ട് നമ്പർ : എസ്സ് 115/2010

2009-2010 വർഷത്തിന്മേൽ പ്രോജക്റ്റിൽ ഉൾപ്പെടുത്തി വീട് മെയിന്റനൻസിന് ധനസഹായം ലഭിച്ച താഴെ പറയുന്ന ഗുണഭോക്താക്കൾ മേൽ പ്രവൃത്തിയുടെ ചെലവിന്റെ വിവരം കാണിക്കുന്ന മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ് മുനിസിപ്പൽ എൻജിനീയറിൽനിന്നും ലഭ്യമാക്കിയിട്ടില്ല. മൂല്യനിർണ്ണയ സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ ഇവർക്ക് ധനസഹായമായി നൽകിയ തുകയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| ക്രമ നം. | പേര് | തുക | ഡി.ഡി.നമ്പർ |
|---|---|---|---|
| 1 | കുറുമ്പ, പുത്തൻവീട്ടിൽ, പൈപ്പ് ലയിൻ | 5000<br>5000 | 083785/18.02.2010<br>000869/22.04.2010 |
| 2 | എ.രാജു,ഇലവങ്കൽ പറമ്പ്, കൂനംതൈ | 5000<br>(എഗ്രിമെന്റ് വച്ചില്ല. രണ്ടാംഗഡു നൽകിയില്ല) | 084676/18.03.2010 |
| 3 | രഘു, മോളത്ത്, എച്ച്.എം.ടി.കോളനി | 5000<br>5000 | 085530/31.03.2010<br>000101/08.04.2010 |

Local Fund Audit Department

| | | | |
|---|---|---|---|
| 4 | സുഭാഷിണിസുധി<br>തെക്കൻചേരി,മറ്റക്കാട് | 5000<br>5000 | 085530/31.03.2010<br>004263/11.10.2010 |
| 5 | രാധാകൃഷ്ണൻ, പുന്നക്കാട്ടുമൂല<br>കൊമ്പിയൂണിവേഴ്സിറ്റി | 5000<br>5000 | 00098/08.04.2010<br>003216/09.08.2010 |
| 6 | ഇ.കെ.സുരേഷ്, ഇല്ലത്തുപറമ്പ്<br>പള്ളിലാംകര | 5000<br>5000 | 000100/08.04.2010<br>4251/11.10.2010 |
| | | 55000 | |

**3-15) <u>വൈദ്യുതി സർചാർജ് അടയ്ക്കേണ്ടതില്ലാത്ത മാസത്തേയ്ക്ക് സർചാർജ് അടച്ചത് ചെലവ് തടസ്സപ്പെടുത്തുന്നു - രൂപ 56015</u>**

വൗച്ചർ നമ്പർ - 60/10-2010 285384

- 59/10-2010 123680

മേൽ വൗച്ചറുകൾ 10/2010 തേവയ്ക്കൽ, കളമശ്ശേരി സെക്ഷനുകളിൽ അടയ്ക്കേണ്ട തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ് അടച്ചപ്പോൾ താഴെ പറയുന്ന തുകകൾ സർചാർജ് ഇനത്തിൽ അടച്ചതായിക്കാണുന്നു. സർക്കാർ ഉത്തരവ് നമ്പർ കെ.എസ്.ഇ.ബി./ടി.ആർ.എസി/ഫ്യൂവൽ സർചാർജ്/2010/23.04.2010 പ്രകാരം ഏർപ്പെടുത്തിയ സർചാർജ് 01.04.2010 മുതൽ 9/2010 വരെയായിരുന്നു. അതുപ്രകാരം10/2010-ലെ കറണ്ടുബില്ലിനോടൊപ്പം സർചാർജ് അടക്കേണ്ടതുണ്ടായിരുന്നില്ല. ആയതിനാൽ താഴെപറയുന്ന കൺസ്യൂമർ നമ്പറുകളിൽ 10/2010-ൽ സർചാർജ് ഇനത്തിൽ അടച്ച തുകയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| കൺസ്യൂമർ നമ്പർ | വൗച്ചർ നമ്പർ/തുക | തുക വിശദമായി | |
|---|---|---|---|
| 7115 തേവയ്ക്കൽ | 59/10-2010 | വൈദ്യുതി ചാർജ് | 105629 |
| | 123680 | ഫ്യൂവൽ സർചാർജ് | 17611 |
| | | കുടിശ്ശിക | 440 |
| | | | ------ |
| | | | 123680 |
| | | | ======== |
| 119 കളമശ്ശേരി | 60/10-2010 | വൈദ്യുതി ചാർജ് | 240912 |
| | 285384 | ,, സർചാർജ് | 38404 |
| | | കുടിശ്ശിക | 6068 |
| | | | ------- |
| | | | 285384 |
| | | | ====== |

സർചാർജിനത്തിൽ അടച്ച തുക 56015/-രൂപ വൈദ്യുതി ബോർഡിൽ നിന്നും തിരികെ ലഭ്യമാക്കുകയോ തുടർന്നുള്ള ബില്ലിൽ വകയിരുത്തുകയോ ചെയ്യേണ്ടതാണ്.

**3-16) <u>ഇ.എം.എസ്.ഭവനം 2009-10 വീട് നിർമ്മാണത്തിന് ഒരു ഗഡു മാത്രം നൽകി - വീട്പണി പൂർത്തീകരിച്ചില്ല - ചെലവ് തടസ്സപ്പെടുത്തുന്നു 90000/-രൂപ</u>**

മേൽ പ്രോജക്റ്റ് പ്രകാരം വീട് നിർമ്മാണത്തിന് തെരഞ്ഞെടുക്കപ്പെട്ട താഴെ പറയുന്ന ഗുണഭോക്താക്കൾ ഒരു ഗഡു ധനസഹായം മാത്രം കൈപ്പറ്റിയിട്ട് നാളിതുവരെയും ബാക്കി ഗഡുക്കൾ

Local Fund Audit Department

കൈപ്പറ്റുകയോ വീടുപണി പൂർത്തിയാക്കുകയോ ചെയ്തിട്ടില്ല. ഈ ഗുണഭോക്താക്കളെക്കൊണ്ട് വീടുപണി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. അല്ലത്തപക്ഷം ആദ്യഗഡു ധനസഹായമായി നൽകിയ തുക തിരിച്ചുപിടിയ്ക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. വിശദവിവരം താഴെകൊടുക്കുന്നു.

| ക്രമ നം. | പേര് | നൽകിയ തുക | ഡി.ഡി.നമ്പർ |
|---|---|---|---|
| 1 | നൗഷാദ് പുഴക്കര | 22,500 | 504152/26.04.2010 |
| 2 | എം.സി.ചാക്കോ മുള്ളംകുഴി | 22,500 | 504141/26.04.2010 |
| 3 | ഫോൽസീസ് ചെറുപള്ളിപ്പാടത്ത് | 22,500 | 504138/26.04.2010 |
| 4 | മല്ലിക മണിയൻ പള്ളിപ്പറമ്പ് | 22,500 | 504119/26.04.2010 |
| | | 90,000 | |

**3-17) <u>ഇ.എം.എസ്.ഭവനം-പഞ്ചായത്ത് പ്രദേശത്ത് സ്ഥലം വാങ്ങുന്നതിന് മുനിസിപ്പൽ പ്രദേശത്തെ നിരക്ക് നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല – 7,500/-രൂപ.</u>**

പ്രോജക്റ്റ് - എസ് 118/2011 1,80,000/-രൂപ

മേൽ പ്രോജക്റ്റ് പ്രകാരം ഭൂമി വാങ്ങുന്നതിന് സ്ഥലം വാങ്ങുന്നതിന് ധനസഹായം നൽകിയ ശ്രീ.ജോണി, കരിയാട്ടിൽ എന്നയാൾ സ്ഥലം വാങ്ങിയിരിക്കുന്നത് കീഴ്മാട് പഞ്ചായത്തിലാണ്. പഞ്ചായത്ത് പ്രദേശത്ത് സ്ഥലം വാങ്ങുന്നതിന് അനുവദനീയമായ തുക 37500/-രൂപയാണ് മുനിസിപ്പൽ പ്രദേശത്ത് വസിക്കുന്നയാൾക്ക് പഞ്ചായത്ത് പ്രദേശത്ത് സ്ഥലം വാങ്ങുന്നതിന് നിയമതടസ്സമില്ലെങ്കിലും പഞ്ചായത്ത് പ്രദേശത്ത് അനുവദനീയമായ തുകയേ നൽകുവാൻ പാടുള്ളൂ. ആയതിനാൽ ശ്രീ.ജോണിക്ക് സ്ഥലം വാങ്ങുന്നതിന് ധനസഹായമായി നൽകിയ 45,000/-രൂപയിൽ 7,500/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക നൽകിയതിന്റെ വിവരം

| സ്ഥലം നൽകിയ ആൾ | നൽകിയ തുക | ഡി.ഡി.നമ്പർ |
|---|---|---|
| ശ്രീ.ഹമീദ് | 45,000/-രൂപ | 723751/04.10.2010 |

**3-18) <u>സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹത്തിനുള്ള ധനസഹായം – രേഖകൾ ഹാജരാക്കിയില്ല.</u>**

2009-10 - 1,50,000
2010-11 - 1,00,000 } തുക തടസ്സപ്പെടുത്തുന്നു.

1. 2009-10-ൽ എറണാകുളം ജില്ലാ കളക്ടറുടെ ഉത്തരവ് പ്രകാരം (F3-44348/09 തീയതി 12.08.2009) സാധുക്കളായ വിധവകളുടെ പെൺമക്കളുള്ള വിവാഹ ധനസഹായമിനത്തിൽ 10,000/-രൂപ നിരക്കിൽ 15 പേർക്കായി 1,50,000/-രൂപ വിതരണം ചെയ്തതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ധനസഹായ വിതരണത്തിനാധാരമായ അപേക്ഷകളും അനുബന്ധ രേഖകളും ഐ.സി.ഡി.എസ്. സൂപ്പർവൈസറുടെ അന്വേഷണ റിപ്പോർട്ടുകളും ഒന്നും ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

Local Fund Audit Department

(ഓഡിറ്റ് എൻക്വയറി - 29) ആയതിനാൽ -ടി- തുകയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പിൻവലിച്ച തുകയുടെ ട്രഷറി ബിൽ നം./തീയതി/തുക | തുക കൈപ്പറ്റിയ വ്യക്തി |
|---|---|
| 13/2009-10/22.08.2009 - 60,000/- | 1. യശോദ ജോസഫ്<br>പെരിങ്ങോട്ട് വീട്<br>ഗ്ലാസ് കോളനി, കളമശ്ശേരി. |
| | 2. സുലൈഖ.റ്റി.വി.<br>തെക്കേ കണ്ണോത്ത് വീട്<br>എച്ച്.എം.ടി.കോളനി. |
| | 3. ജയൻ<br>തെക്കൻചേരി ഹൗസ്<br>പുതുപ്പള്ളി പ്രകാരം<br>എ.കെ.ജി.റോഡ്,ഇടപ്പള്ളി. |
| | 4. സുബൈദ.പി.എം.<br>കാരാശ്ശേരി ഹൗസ്<br>വട്ടേക്കുന്നം<br>ഇടപ്പള്ളി നോർത്ത്. |
| | 5. ഐഷ അബ്ദു<br>ചെങ്ങന്തറ വീട്<br>എച്ച്.എം.ടി.കോളനി |
| | 6. രാധാ ശശി<br>പാലയ്ക്കപ്പറമ്പിൽ<br>വടക്കോട് പി.ഒ.<br>കങ്ങരപ്പടി. |
| ബിൽ നം.34/2009-10/11.12.2009 - 60,000/- | 1. രാധാ ഉദയൻ<br>പേഴുങ്ങൽ വീട്<br>ഇടപ്പള്ളി<br>എ.കെ.ജി.റോഡ്. |
| | 2. ലക്ഷ്മി രാമസ്വാമി<br>പെരിങ്ങോട്ടിൽ വീട്<br>ഗ്ലാസ് ഫാക്ടറി കോളനി. |
| | 3. സുബൈദ ഹസീസ്<br>പടിഞ്ഞാറെ കൊല്ലംപറമ്പ്<br>വട്ടേക്കുന്നം. |
| | 4. ബീവി കബീർ<br>മുണ്ടകത്താഴം<br>വട്ടേക്കുന്നം. |
| | 5. സുഹറ ബീവി<br>കുടിലിൽ ഹൗസ്<br>മൂലേപ്പാടം കോളനി. |
| | 6. വനജ.റ്റി.എ.<br>തേവയ്ക്കൽ വീട്<br>വീ.കെ.കോളനി |
| ബിൽ നം.64/2009-10/09.03.2010 - 10,000/- | 1. ജാനമ്മ കുറുമ്പൻ<br>മൂലേപ്പാടത്ത് വീട്<br>കളമശ്ശേരി. |

Local Fund Audit Department

| | |
|---|---|
| ബിൽ നം.35/2009-10/27.03.2010 - 20,000/- | 1. വീരമ്മ<br>നമ്പാട്ടിൽ വീട്<br>W VIII/359 |
| | 2. നസീറ<br>ബാവരപ്പറമ്പ്<br>മുട്ടാർ കടവ് റോഡ്<br>വട്ടേക്കുന്നം. |

2. 2010-11-ൽ ജില്ലാ കളക്ടറുടെ F3-31494/2010 തീയതി 04.08.2010 പ്രകാരം അനുവദിച്ച 1,60,000/-രൂപയിൽ 12 പേർക്കായി വിതരണം ചെയ്ത തുകയിൽ രണ്ട് പേരുടെ ഒഴികെ മറ്റുള്ളവരുടെ അപേക്ഷകളും അനുബന്ധ രേഖകളും ഹാജരാക്കാത്തതിനാൽ 1,00,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ബിൽ നം./തീയതി/തുക | തുക കൈപ്പറ്റിയവരുടെ പേര്<br>(രേഖകൾ ഹാജരാക്കാത്തവരുടെ മാത്രം) |
|---|---|
| ബിൽ നം. 19/2010-11/19.08.2010 - 40,000/- | 1. അംബുജാക്ഷി<br>വാഴക്കാലപ്പറമ്പിൽ<br>KDP (P.O.)<br>സൗത്ത് കളമശ്ശേരി. |
| | 2. നളിനി അറുമുഖൻ<br>മരോട്ടിക്കൽ ഹൗസ്<br>രാജഗിരി റോഡ്. |
| | 3. ബീന ഉണ്ണി<br>കളവു പറമ്പിൽ<br>കൂനംതൈ<br>ലക്ഷംവീട്. |
| | 4. ഉബൈമ<br>സ്കൂൾ പറമ്പ്<br>വട്ടേക്കുന്നം. |
| ബിൽനം. 81/2010-2011/25.02.2011 - 50,000/- | 1. ജമീല അബ്ദുള്ള കരീം<br>ഞാക്കട ഹൗസ്<br>എച്ച്.എം.ടി.കോളനി. |
| | 2. സെലിൻ ജോർജ്<br>മഠത്തിപ്പറമ്പ്. |
| | 3. നിർമ്മല കുമാരി.കെ.എൻ.<br>ചിറ്റേത്ത് ശ്രീജ ഭവൻ. |
| ബിൽ നം.100/2010-2011/19.03.2011 - 30,000/- | 1. എലിസബത്ത് ഗിൽസൺ<br>മാളിയേക്കൽ വീട്. |
| | 2. ഇന്ദിര ഗോപി<br>മുതലിൽ വീട്<br>കൊല്ലംമുറി റോഡ്. |
| | 3. ലതിക രമേശൻ<br>തലക്കോട്ടിൽ പറമ്പ്. |

Local Fund Audit Department

**3-19) <u>അഡ്വക്കേറ്റ് ഫീ - ആദായനികുതി ഈടാക്കിയിട്ടില്ല.</u>**

നഗരസഭയുടെ കേസുകൾ നടത്തിയ വകയിൽ അഡ്വ.എം.കെ.അബൂബക്കറിന് 2009-10, 2010 -11 എന്നീ വർഷങ്ങളിൽ യഥാക്രമം 1,17,000/-രൂപയും 1,62,375/-രൂപയും നൽകുകയുണ്ടായി. വിശദ വിവരം ചുവടെ ചേർക്കുന്നു.

| 2009 - 2010 | | 2010 - 2011 | |
|---|---|---|---|
| വൗച്ചർ നം./ ചെക്ക് നം. | തുക | വൗച്ചർ നം./ ചെക്ക് നം. | തുക |
| 1. 5/7-09/112174/15.07.2009 | 11,000 | 1. 74-5/10/065481/22.05.10 | 22,500 |
| 2. 30-9/09/113573/15.09.2009 | 29,000 | 2. 24-7/10/067743/03.07.10 | 33,000 |
| 3. 22-11/09/116718/02.11.2009 | 32,500 | 3. 68/10-10/069499/21.10.10 | 1,06,875 |
| 4. 123-12/09/118021/24.12.2009 | 21,000 | | ------ |
| 5. 125-2/10/063892/05.02.2010 | 23,500 | | 1,62,375 |
| | ------ | | ====== |
| | 1,17,000 | | |
| | ====== | | |

എന്നാൽ ഈ തുകകൾക്കൊന്നും തന്നെ 1961-ലെ ഇൻകംടാക്സ് ആക്ട് സെക്ഷൻ 194j പ്രകാരം ആദായ നികുതി ഈടാക്കിയിട്ടില്ല. 2009-10 വർഷം 5% നിരക്കിലും 2010-11 വർഷം 10% നിരക്കിലും ആദായനികുതി ഈടാക്കേണ്ടതായിരുന്നു. 2009-10 വർഷം ഈയിനത്തിൽ 5,850/-രൂപയും 2010-11 വർഷം 16,237/-രൂപയും ഈടാക്കി ആദായനികുതി വകുപ്പിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

**3-20) <u>രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല - 11,43,672/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.</u>**

2010-2011 വർഷത്തിൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പദ്ധതികളുടെ ഫയലുകളും അനുബന്ധ രേഖകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ബിൽ നമ്പർ/തീയതി | | തുക | വിവരണം |
|---|---|---|---|
| 1/11 | 14.12.2010 | 7,00,000 | പൂരകപോഷകാഹാരം |
| 2/11 | 22.02.2011 | 4,43,672 | ,, |
| | | -------- | |
| | | 11,43,672 | |
| | | ======= | |

ഓഡിറ്റ് എൻക്വയറി പ്രകാരം ആവശ്യപ്പെട്ടിട്ടും മേൽപറഞ്ഞ പദ്ധതികളുടെ ഫയലുകളും അനുബന്ധരേഖകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയതിനാൽ 11,43,672/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**3-21) <u>അങ്കണവാടികൾക്ക് പോഷകാഹാരം - ട്രാൻസ്പോർട്ടേഷൻ ചാർജ് അധിക നിരക്ക് നൽകി.</u>**

| | 2009-2010 | 2010-2011 |
|---|---|---|
| പ്രോജക്ട് നമ്പർ | എസ് 001/10 | എസ് 001/11 |

Local Fund Audit Department

അടങ്കൽ പ്ലാൻ 21,92,800/- 22,00,000/-

നിർവ്വഹണ ഉദ്യോഗസ്ഥ: ശിശുവികസന ഓഫീസർ

2009-2010, 2010-2011 വർഷങ്ങളിൽ കളമശ്ശേരി നഗരസഭ ഐ.സി.ഡി.എസ്.സൂപ്പർവൈസർ, ശിശുവികസന ഓഫീസർ എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പദ്ധതികളാണിത്. കളമശ്ശേരി നഗരസഭയുടെ കീഴിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ വഴിയാണ് പോഷകാഹാര ങ്ങൾ വിതരണം ചെയ്യുന്നത്. കുട്ടികൾക്കുള്ള പോഷകാഹാരങ്ങൾ അമൃതം ഫുഡ് സപ്ലിമെന്റ് വഴി യാണ് ലഭ്യമാക്കിയിരിക്കുന്നത്.

സർക്കാർ ഉത്തരവ് (എം.എസ്.) 567/2007/സാമൂഹ്യക്ഷേമ വകുപ്പ്/07.12.2007 പ്രകാരം ഭക്ഷണ സാധനങ്ങൾ അങ്കണവാടികളിൽ എത്തിക്കുന്നതിന് ഒരു കിലോയ്ക്ക് 50 പൈസ നിരക്കിൽ ട്രാൻസ്പോർട്ടേഷൻ ചാർജ് ഈടാക്കാവുന്നതാണ്. എന്നാൽ ഒരു കിലോയ്ക്ക് 50 പൈസയിൽ അധികരിച്ച് ട്രാൻസ്പോർട്ടേഷൻ ചാർജ് നൽകിയതായി കാണുന്നു. അമൃതം ഫുഡ് സപ്ലിമെന്റിൽ നിന്നും ഭക്ഷണ സാധനം വിതരണം ചെയ്തിരിക്കുന്നത് ഒരു കിലോയ്ക്ക് ഒരു രൂപ നിരക്കിലാണ് ഇത് അനുവദനീയമല്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ചെക്ക് നമ്പർ/തീയതി | | ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനത്തിൽ | | | |
|---|---|---|---|---|---|
| ക്രമ നം. | | അളവ് | നൽകിയ തുക | നൽകേണ്ട തുക | അധികം |
| 2009-2010 | | | | | |
| 1 | 426379/09.03.2010 | | | 4868 | 1946 |
| 2 | 426370/09.03.2010 | | | 774 | 774 |
| 3 | 426370/09.03.2010 | | | 762 | 761 |
| 4 | 426370/09.03.2010 | | | 812 | 811 |
| 5 | 080248/07.10.2009 | 6050 കി.ഗ്രാം | 4235 | 3025 | 1210 |
| 6 | 080249/08.10.2009 | | 6063 | 3032 | 3031 |
| 7 | 080249/08.10.2009 | | 1064 | 760 | 304 |
| 8 | 080249/08.10.2009 | | 1064 | 760 | 304 |
| 9 | 080249/08.10.2009 | | 1092 | 780 | 312 |
| 10 | 81950/14.12.2009 | | 1548 | 774 | 774 |
| 11 | 081951/14.12.2009 | 6186 കി.ഗ്രാം | 4330 | 3093 | 1237 |
| | | | | ആകെ | 11464 |
| 12 | 317/17.02.2010 | 2249 കി.ഗ്രാം | 2249 | 1125 | 1125 |
| 13 | 328/19.03.2010 | 2249 കി.ഗ്രാം | 2249 | 1125 | 1125 |
| 14 | 427537/26.03.2010 | 1909 കി.ഗ്രാം | 1909 | 1364 | 545 |
| | | | | ആകെ | 2795 |
| 2010-2011 | | | | | |
| 1 | 346863/06.04.2011 | 9664 കി.ഗ്രാം | 8215 | 4832 | 3383 |
| 2 | 346881/18.02.2011 | 2323 കി.ഗ്രാം | 2323 | 1162 | 1162 |
| 3 | 346880/16.03.2011 | 2323 | 2323 | 1162 | 1162 |
| | | | | ആകെ | 5704 |

Local Fund Audit Department

3-22) <u>മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല.</u>

നഗരസഭയുടെ വിവിധ പദ്ധതികളുടെ നടത്തിപ്പിനായി 2009-2010, 2010-2011 വർഷം മുൻകൂറുകൾ അനുവദിച്ചു കാണുന്നുണ്ട്. കേരളാ ഫിനാൻഷ്യൽ കോഡ് വോള്യം-1 ആർട്ടിക്കിൾ-99 പ്രകാരം ഉദ്യോഗസ്ഥർക്ക് അനുവദിക്കുന്ന മുൻകൂറുകൾ 3 മാസത്തിനകം അഡ്ജസ്റ്റ് ചെയ്യണമെന്നും അല്ലാത്തവരിൽ നിന്നും 18% പലിശ സഹിതം തുക തിരികെ ഈടാക്കണമെന്ന് ജി.ഒ.(പി) 419/2011/ഫിൻ, തീയതി 04.11.2011-ൽ വ്യക്തമാക്കിയിട്ടുണ്ട്.

| ക്രമ നം. | വൗച്ചർ നം./ തീയതി | തുക | ഉദ്ദേശ്യം | കൈപ്പറ്റിയ ആൾ |
|---|---|---|---|---|
| 1 | 58/6-09/12.06.2009 | 2,300 | സർവ്വീസ് ചാർജ് KL7BE 440 ജീപ്പ് | അജിത്കുമാർ PWO II |
| 2 | 57/809/13.08.2009 | 15,000 | അഗ്രികൾച്ചറൽ ഡേ സെലിബ്രേഷൻ | അഗ്രിക്കൾച്ചറൽ ഓഫീസർ |
| 3 | 24/2-10/01.02.2010 | 10,000 | പോളിയോ ഇമ്മ്യൂണൈസേഷൻ | മെഡിക്കൽ ഓഫീസർ |
| 4 | 90/2-10/16.02.2010 | 1,00,000 | കാന ക്ലീനിംഗ് | കെ.ജി.പ്രകാശൻ H.I. Ist |
| 5 | 81/310/12.03.2010 | 50,000 | മഴക്കാല പൂർവ്വ ശുചീകരണം | കെ.ജി.പ്രകാശൻ H.I. Ist |
| | ആകെ | 1,77,300 | | |
| | 2010 - 2011 | | | |
| 1 | 30/5-10/12.03.2010 | 2,000 | സർവ്വീസ് ചാർജ് | എം.കെ.നന്ദകുമാർ |
| 2 | 92/5-10/31.05.2010 | 20,000 | മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ലക്സ് ശിലാസ്ഥാപനം | കെ.എസ്.ശശികുമാർ J.H.I. Ist |
| 3 | 31/6-10/05.06.2010 | 25,000 | വനിതാവികസന കേന്ദ്രം | -ടി- |
| 4 | 44/6-10/10.06.2010 | 2,00,000 | കാന ക്ലീനിംഗ് | കെ.ജി.പ്രകാശൻ H.I. Ist |
| 5 | 98/6-10/25.06.2010 | 25,000 | ഷോപ്പിംഗ് കോംപ്ലക്സ് | കെ.എസ.ശശികുമാർ |
| 6 | 26/7-10/07.07.2010 | 5,000 | അംഗൻവാടി ഉദ്ഘാടനം | -ടി- |
| 7 | 47/8-10/6.08.2010 | 50,000 | മുനിസിപ്പൽ ഇലക്ഷൻ | റ്റി.വി.ശിവദാസൻ R.I. |
| 8 | 48/8-10/06.08.2010 | 15,000 | ഫാർമേഴ്സ് ഡേ | അഗ്രികൾച്ചറൽ ഓഫീസർ |
| 9 | 61/8-10/12.08.2010 | 5,000 | വനിത ശിശുവികസന കേന്ദ്രം | കെ.എസ്.ശശികുമാർ J.H.I. Ist |
| 10 | 62/8-10/12.08.2010 | 40,000 | മാലിന്യസംസ്കരണ പ്ലാന്റ് ഉദ്ഘാടനം | -ടി- |
| 11 | 37/9-10/15.09.2010 | 20,000 | മുനിസിപ്പൽ ഓഫീസ് ഫിഷ്നിംഗ് | മുരളീധരൻ PWO. Ist |
| 12 | 47/9-10/15.09.2010 | 12,500 | -ടി- | -ടി- |
| 13 | 34/10-10/08.10.2010 | 1,00,000 | ഡംബിംഗ് യാർഡ് മണ്ണടിക്കൽ | കെ.ജി.പ്രകാശൻ H.I. Ist |
| 14 | 38/10-10/12.10.2010 | 1,00,000 | മുനിസിപ്പൽല ഇലക്ഷൻ | റ്റി.വി.ശിവദാസൻ R.I. |
| 15 | 75/10-10/25.10.2010 | 50,000 | ,, | ,, |

Local Fund Audit Department

| | | | | |
|---|---|---|---|---|
| 16 | 49/12-10/10.12.2010 | 75,000 | പോളി ക്ലിനിക്ക് ഉദ്ഘാടനം | കെ.എസ്.ശശികുമാർ |
| 17 | 64/2-11/14.02.2011 | 6,000 | ജനനമരണ ഫോംസ് ഗ്രാമലക്ഷ്മി മുദ്രാലയം | കെ.ജി.പ്രകാശൻ H.I. Ist |
| | | 7,50,500 | | |

**3-23) പെൻഷൻ ഫണ്ട്**

2008-2009 വർഷം മുതൽ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും പെൻഷൻ വിതരണത്തിനായി അലോട്ട്മെന്റ് ഒന്നും തന്നെ നഗരസഭയ്ക്ക് ലഭ്യമായിട്ടില്ല. 2010-2011 വരെ പെൻഷൻ വിതരണത്തിനായി ചെലവഴിച്ചിട്ടുള്ള 38,78,877/-രൂപ നഗരകാര്യവകുപ്പിൽ നിന്നും ലഭിക്കാനുണ്ട്. ജീവനക്കാരിൽ നിന്നും ഈടാക്കുന്ന പെൻഷൻ കോൺട്രിബ്യൂഷൻ കുടിശ്ശിക ഇല്ലാതെ നഗരസഭ നഗരകാര്യ ഡയറക്ടറേറ്റിലേക്ക് അടവാക്കുന്നുണ്ട്.

പെൻഷൻ വിതരണത്തിനായി കളമശ്ശേരി എസ്.ബി.റ്റി.യിൽ 2011-ജൂലൈ മുതൽ പെൻഷൻ ഫണ്ട് ആരംഭിച്ചിട്ടുണ്ടെങ്കിലും (A/c No.57001101937) പെൻഷൻ സംബന്ധിച്ച എല്ലാ സാമ്പത്തിക ഇടപാടുകളും ഈ അക്കൗണ്ട് മുഖേന നടത്തിവരുന്നില്ല. 20.11.2008-ൽ 6,40,977/-രൂപ അക്കൗണ്ടിൽ വരവ് വന്നിട്ടുണ്ടെങ്കിലും ഇതുസംബന്ധിച്ച കണക്ക് നഗരസഭയിൽ ലഭ്യമല്ല. നഗരസഭയുടെ കണക്കുപ്രകാരം, ലഭിക്കുവാനുള്ള അലോട്ട്മെന്റിൽ ഈ തുക കുറവുവരുത്തിയിട്ടുമില്ല. 30.11.2012-ൽ ഈ അക്കൗണ്ടിൽ 11,46,119/-രൂപ നീക്കിബാക്കിയുണ്ട്. നഗരകാര്യവകുപ്പിൽനിന്നും യഥാസമയം അലോട്ട്മെന്റ് ലഭ്യമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

**3-24) ശുചിത്വമിഷൻ ധനസഹായം വിനിയോഗിച്ചിട്ടില്ല.**

ശുചിത്വമിഷനിൽ നിന്നും നഗരസഭയ്ക്ക് 2009-2010 വർഷം ഡംപിംഗ് യാർഡ് റീട്ടെയിനിംഗ് വാൾ പണിയുന്നതിലേക്കായി നൽകിയ ധനസഹായം 45,38,000/-രൂപയിൽ 45,28,000/-രൂപ ബാങ്ക് ഓഫ് ബറോഡയിൽ അക്കൗണ്ട് നമ്പർ 1142-ൽ 02.11.2009-ൽ 2 വർഷം സ്ഥിരനിക്ഷേപമായി ഇടുകയുണ്ടായി. 07.09.2012-ൽ 54,49,397/-രൂപ ഈ അക്കൗണ്ടിൽ നീക്കി ബാക്കിയുണ്ട്. ഫണ്ട് ഏതു ആവശ്യത്തിനാണോ ലഭ്യമാക്കിയിട്ടുള്ളത് ആയതിനുവേണ്ടി സമയബന്ധിതമായി വിനിയോഗിക്കുന്നതിന് കൗൺസിലിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

Local Fund Audit Department

## ഭാഗം - 4

## ഓഡിറ്റ് പ്രത്യവലോകനവും

**4-1) വായ്പ / വായ്പ തിരിച്ചടവ് 2009-2010, 2010-2011**

ഓഡിറ്റ് വർഷം നഗരസഭയ്ക്ക് വായ്പയിനത്തിൽ വരവില്ല.

**4-2) സ്ഥിരനിക്ഷേപങ്ങൾ (ഇൻവെസ്റ്റ്മെന്റുകൾ**

ഇല്ല.

**4-3) സർക്കാരിലേക്കും മറ്റ് സ്ഥാപനങ്ങളിലേക്കും ഒടുക്കുവാനുള്ള തുകകൾ**

കേന്ദ്രസംസ്ഥാന സർക്കാരുകളിലേക്കും മറ്റ് സ്ഥാപനങ്ങളിലേക്കും ഒടുക്കുവാനായി പിരിച്ചിട്ടുള്ളതും, ഒടുക്കിയതുമായ തുകകളുടെ വിശദവിവരം താഴെ കൊടുക്കുന്നു.

2009 – 2010

| ഇനം | പിരിച്ചതുക (ബില്ലിൽ കുറവുള്ളതുൾപ്പെടെ | തന്നാണ്ടിൽ ഒടുക്കിയ തുക |
|---|---|---|
| ആദായ നികുതി | 11337 | 638899 |
| സേവനനികുതി (കേന്ദ്രസർക്കാരിനുള്ളത്) | – | – |
| വിൽപ്പന നികുതി | 108790 | 927530 |
| സർക്കാരിനുള്ള റോയൽറ്റി | – | – |
| ലൈബ്രറി സെസ് | 936950 | 724232 |
| നി.തൊ.ക്ഷേമ നിധി വിഹിതം | 18934 | 404110 |
| റിവർ മാനേജ്മെന്റ് ഫണ്ട് | – | – |

2010 – 2011

| ഇനം | പിരിച്ചതുക (ബില്ലിൽ കുറവുള്ളതുൾപ്പെടെ | തന്നാണ്ടിൽ ഒടുക്കിയ തുക |
|---|---|---|
| ആദായ നികുതി | 458424 | 458424 |
| വിൽപ്പന നികുതി | 842914 | 842914 |
| ക്ഷേമനിധി | 250020 | 250020 |
| ലൈബ്രറി സെസ് | 1326317 | – |

ലൈബ്രറി സെസ് യഥാസമയം അടവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**4–4) ഓഡിറ്റ് റിക്കവറി**

ഈ ഇനത്തിൽ തൻവർഷങ്ങളിൽ വരവില്ല.

**4–5) (എ) ഓഡിറ്റ് പ്രത്യവലോകനം**

| വർഷം | ആകെ വരവ് | ആകെ ചെലവ് | വരവിനങ്ങളിലെ നഷ്ടം | ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക |
|---|---|---|---|---|---|
| 2009–2010 | 113055076.65 | 110301784 | 101462 | 174894 | 3094971 |
| 2010–2011 | 122702196.40 | 112914141 | 185561 | 1153961 | 4493541 |

Local Fund Audit Department

**(ബി) നഗരസഭ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നം. | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 2–1 | 10600 | | രഘുരാമൻ, സെക്രട്ടറി |
| 2–2 | 1900 | | ,, |
| 2–3(b) | 88962 | | ,, |
| 3–2(2) | | 22172 | കെ.എസ്.രതീഷ്., എ.എക്സ്.ഇ. |

| | | | |
|---|---|---|---|
| 3-6 | | 132026 | കെ.എസ്.രതീഷ്., എ.എക്സ്.ഇ. |
| 3-10 | | 17901 | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി |
| 3-21 | | 2795 | ഡിഫ്ന ഡിക്രൂസ്, ICDS |
| ആകെ | 101462 | 174894 | |
| 2010-2011 | | | |
| 2-1 | 3650 | | |
| 2-2 | 2850 | | |
| 2-3(a) | 179061 | | |
| 3-1 | | 159903 | ജി.ബാലചന്ദ്രൻ, മുനിസിപ്പൽ എഞ്ചിനീയർ |
| 3-2(1) | | 39370 | ,, |
| 3-2(4) | | 15169 | ,, |
| 3-2(5) | | 18808 | ,, |
| 3-2(6) | | 14706 | കെ.എസ്.രതീഷ്, എ.എക്സ്.ഇ. |
| 3-2(7) | | 59967 | ജി.ബാലചന്ദ്രൻ, മുനിസിപ്പൽ എഞ്ചിനീയർ |
| 3-3 | | 162077 | ,, |
| 3-6 | | 61205 | ,, |
| 3-8 | | 609549 | ,, |
| 3-17 | | 7500 | രഘുരാമൻ, സെക്രട്ടറി |
| 3-21 | | 5707 | ഡിഫ്ന ഡിക്രൂസ്, ICDS |
| ആകെ | 185561 | 1153961 | |

Local Fund Audit Department

**ഓഡിറ്റിൽ തടസ്സപ്പെടുത്തുന്ന തുക**

| ഖണ്ഡിക | തുക |
|---|---|
| 2009 - 2010 | |
| 3-4 | 1,94,971 |
| 3-13 | 30,000 |
| 3-14 | 20,000 |
| 3-16 | 90,000 |
| 3-18 | 1,50,000 |
| **ആകെ** | **30,94,971** |
| 2010 - 2011 | |
| 3-7 | 10,292 |
| 3-11 | 31,48,562 |
| 3-14 | 35,000 |
| 3-15 | 56,015 |
| 3-18 | 1,00,000 |
| 3-20 | 11,43,672 |
| **ആകെ** | **44,93,541** |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപേരും |
|---|---|---|
| 3-5<br>(2009-10)<br><br>3-19 | വാറ്റ് - 5271<br>ക്ഷേമനിധി - 1739<br>ആദായനികുതി - 3896<br>ആദായനികുതി - 5850 | കെ.എസ്.രതീഷ്., എ.എക്സ്.ഇ. |
| (2010-11)<br>3-19 | ആദായനികുതി - 16237 | സെക്രട്ടറി |

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.**

ഇല്ല

**(ഈ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് സമയത്തെ) മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.കെ.എസ്.രതീഷ്<br>എ.എക്സ്.ഇ. | എ.എക്സ്.ഇ.<br>അങ്കമാലി മുനിസിപ്പാലിറ്റി | കെ.എസ്.രതീഷ്<br>അംബികാ ഭവനം<br>കുത്തിയതോട്.പി.ഒ.<br>ചേർത്തല. |
| ശ്രീ.കെ.ജയകുമാർ<br>AE, LSGD Section | AE, LSGD Section<br>പുളിങ്കുന്ന് ഗ്രാമപഞ്ചായത്ത്<br>ആലപ്പുഴ ജില്ല. | കെ.ജയകുമാർ |
| ജി.ബാലചന്ദ്രൻ, എം.ഇ. | എം.ഇ.<br>കളമശ്ശേരി മുനിസിപ്പാലിറ്റി | House No. MNRA – 159<br>മ്യൂസിയം നഗർ, ഇടപ്പള്ളി<br>നോർത്ത് പി.ഒ.<br>കൊച്ചി - 24 |
| രഘുരാമൻ<br>സെക്രട്ടറി | ലഭ്യമല്ല | ലഭ്യമല്ല |
| ഡിഫ്ന ഡിക്രൂസ<br>ICDS സൂപ്പർവൈസർ | - | AMRA - 68 നസ്റത്ത്<br>അമ്പാടി മൂല<br>കാക്കനാട്, എറണാകുളം. |

Local Fund Audit Department

**4-7 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച് ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1998-99 | എൽ.എഫ്.ഇ.(എം1) 1106/04 തീയതി: 03.02.2005 | |
| 1999-00 | എൽ.എഫ്.ഇ.(എം2) 1153/05 തീയതി: 18.05.2006 | |
| 2000-01 | എൽ.എഫ്.ഇ.(എം2) 771/07 തീയതി: 23.02.2008/08.08.2008 | |
| 2001-02 | എൽ.എഫ്.ഇ.(എം2) 1159/07 തീയതി: 25.02.2008/08.08.2008 | |
| 2002-03 | എൽ.എഫ്.ഇ.(എം2) 327/10 തീയതി: 20.06.2011/09.08.2011 | |
| 2003-04 | എൽ.എഫ്.ഇ.(എം2) 328/10 തീയതി: 02.07.2011 | |
| 2004-05 | എൽ.എഫ്.ഇ.(എം2) 329/10 തീയതി: 02.07.2011 | |
| 2007-08 | എൽ.എഫ്.ഇ.(എം2) 727/11 തീയതി: 26.12.2011/25.02.2012 | |
| 2008-09 | എൽ.എഫ്.ഇ.(എം2) 1197/2011 തീയതി: 27.04.2012/12.06.2012 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

Local Fund Audit Department

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**
**ലോക്കൽ ഫണ്ട് ഓഡിറ്റ്**
**എറണാകുളം ജില്ല**

എം.എം.

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും, 1994ലെ കേരള നഗരപാലികാ നിയമത്തിന്റെ 295-ാം വകുപ്പും അനുസരിച്ചും നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കളമശ്ശേരി നഗരസഭയുടെ 2010 - 2011 വാർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഓഡിറ്റ് പ്രത്യവലോകനം ഖണ്ഡിക 4-5 ൽ വിശദീകരിച്ചിട്ടുള്ളതു പോലെ വരവിനങ്ങളിൽ 1,85,561/- രൂപയുടെ നഷ്ടവും ചെലവിനത്തിൽ 11,53,961/-രൂപയുടെ നഷ്ടവും 44,93,541/-രൂപയുടെ ഓഡിറ്റ് തടസ്സവും ഒഴിച്ചാൽ എന്റെ അഭിപ്രായത്തിൽ വാർഷിക ധനകാര്യ പത്രിക കളമശ്ശേരി നഗരസഭയുടെ 2010-2011 ലെ വരവു ചെലവുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994-ലെ കേരള നഗരപാലികാ നിയമത്തിന്റെ 295-ാം വകുപ്പും 2003 ജൂൺ 12 ലെ 319/2003/ഫിൻ നമ്പർ സർക്കാർ ഉത്തരവും അനുസരിച്ചാണ്.

Local Fund Audit Department

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,**
**ലോക്കൽ ഫണ്ട് ഓഡിറ്റ്**
**എറണാകുളം**

എം.എം.

**<u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും, 1994ലെ കേരള നഗരപാലികാ നിയമത്തിന്റെ 295-ാം വകുപ്പും അനുസരിച്ചും നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കളമശ്ശേരി നഗരസഭയുടെ 2009 - 2010 വാർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഓഡിറ്റ് പ്രത്യവലോകനം ഖണ്ഡിക 4-5 ൽ വിശദീകരിച്ചിട്ടുള്ളതു പോലെ വരവിനങ്ങളിൽ 1,01,462/- രൂപയുടെ നഷ്ടവും ചെലവിനത്തിൽ 1,74,894/-രൂപയുടെ നഷ്ടവും 30,94,971/-രൂപയുടെ ഓഡിറ്റ് തടസ്സവും ഒഴിച്ചാൽ എന്റെ അഭിപ്രായത്തിൽ വാർഷിക ധനകാര്യ പത്രിക കളമശ്ശേരി നഗരസഭയുടെ 2009-2010 ലെ വരവു ചെലവുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994-ലെ കേരള നഗരപാലികാ നിയമത്തിന്റെ 295-ാം വകുപ്പും 2003 ജൂൺ 12 ലെ 319/2003/ഫിൻ നമ്പർ സർക്കാർ ഉത്തരവും അനുസരിച്ചാണ്.

Local Fund Audit Department

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,**
**ലോക്കൽ ഫണ്ട് ഓഡിറ്റ്**
**എറണാകുളം**

എം.എം.

**കളമശ്ശേരി നഗരസഭ**
**ഓഡിറ്റ് വർഷം – 2009–2010, 2010–2011**
**ഓഡിറ്റ് തീയതി – 13.12.2012 മുതൽ**

ജോലി വിഭജനം:

1) ആർ.പുഷ്പ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ഓഡിറ്റ് തീയതി വരെയുള്ള രസീതുകളുടെ പരിശോധന, പണം പിരിവ്, അടവ്, പിൻവലിക്കൽ എന്നിവയുടെ പരിശോധന എന്നിവയും കരട് ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കലും.

2) ടി.ഒ.പോളി, സെലക്ഷൻ ഗ്രേഡ് ഓഡിറ്റർ

2010–11 –ലെ മരാമത്തു വേലകളുടെ പരിശോധന, കെട്ടിട ലൈസൻസ്, വാടക എന്ന വരവുകളുടെ പരിശോധന. ടാറിന്റെ ബില്ലുകളും സ്റ്റോക്കുമായി ഒത്തുനോക്കൽ എന്നിവ.

3) രശ്മി.ആർ., സെലക്ഷൻ ഗ്രേഡ് ഓഡിറ്റർ

ശ്രീ.പോളി നോക്കുന്നതൊഴിച്ചുള്ള ഡി.സി.ബി. ഇനങ്ങളുടെ പിരശോധന 2009–10 ലെും 2010–11 ലെയും ആദ്യ 6 മാസത്തെ വൗച്ചറുകളുടെ പരിശോധന, ദുരിതാശ്വാസനിധി എന്നിവയുടെ പരിശോധനയും ഓഡിറ്റ് റിപ്പോർട്ടു തയ്യാറാക്കുന്നതിൽ പുഷ്പയെ സഹായിക്കലും.

4) എം.എസ്.ഷൈല ഓഡിറ്റ് ഓഫീസർ ഹ.ഗ്രേ.

2009–10, 2010–11 വർഷങ്ങളിലെ 6 മാസത്തെ വൗച്ചറുകളുടെ പരിശോധന (രശ്മി നോക്കുന്നതൊഴിച്ച്) കൃഷി ഓഫീസർ, ഐ.സി.ഡി.എസ്.ഓഫീസർ, ആയുർവേദ ഡോക്ടർ, വെറ്റിനറി ഡോക്ടർ എന്നിവർ നടപ്പാക്കിയ പ്രോജക്റ്റുകൾ, ബി.ഫണ്ട് എനനിവ പരിശോധന.

5) പി.കെ.വിജയൻ, ഓഡിറ്റ് ഓഫീസർ ഹ.ഗ്രേ.

2009–10 ലെ മരാമത്തു വേലകളുടെ പരിശോധന. സെക്രട്ടറി അലോപ്പതി ഡോക്ടർ, പട്ടികജാതി വികസന ഓഫീസർ എന്നിവർ നടപ്പാക്കിയ പ്രോജക്റ്റുകളുടെ പരിശോധന, പെൻഷൻ ഫണ്ടിന്റെ പരിശോധന.

കളമശ്ശേരി
13.12.2012

പി.കെ. വിജയൻ
ഓഡിറ്റ് ഓഫീസർ

/ശരിപ്പകർപ്പ്/

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

എം.എം.

Local Fund Audit Department